# അദ്ധ്യായം 1

# സഭയിൽ വിഭാഗീയതയും ശണ്ഠയും

ഗ്രീക്ക് - റോമാ ലോകത്ത് ആളുകൾ കത്ത് എഴുതുമ്പോൾ, പ്രാരംഭ വാക്കുകളിൽ തന്നെ എഴുതുന്ന ആളെ പരിചയപ്പെടുത്തുന്നതാണ് പതിവ്. അതിനു പുറമെ, അവർ കത്തിൽ എഴുതുവാൻ ആഗ്രഹിച്ച കാര്യങ്ങൾ ചുരുക്കമായി പറയും. പൗലൊസ് കൊരിന്ത്യർക്കുള്ള തന്റെ ലേഖനം ആരംഭിക്കുന്നത്, .ആധികാരികത വ്യക്തമാക്കുകയും, വായനക്കാരോടുള്ള തന്റെ ഊഷ്മള കരുതലും പ്രകടിപ്പിക്കുന്നു. സഭാ സമൂഹത്തിൽ ആളുകൾ പരസ്പരം ഇടപെടുമ്പോൾ ദൈവവുമായുള്ള ബന്ധത്തിൽ ദൈവത്തിനു പ്രവർത്തിക്കുവാനുള്ള നിലയിൽ പിൻപറ്റേണ്ടതെന്തായിരുന്നു എന്നു ചിന്തിക്കണം.

കുറെ വർഷങ്ങൾക്ക് മുൻപ് പൗലൊസിന്റെ വായനക്കാർ യേശുക്രിസ്തുവിനെ കുറിച്ച് കേട്ടിരുന്നില്ല. "ദൈവത്തിന്റെ സഭ" എന്ന പ്രയോഗം അവർക്ക് നിരർത്ഥകമായ പ്രയോഗമായിരുന്നു. സാഹചര്യം മാറി. ഇപ്പോൾ, അവരുടെ പരാജയമകറ്റുവാൻ അപ്പൊസ്തലൻ തന്റെ മുൻകാല സംഭവങ്ങൾ അവരെ ബോധ്യമാക്കി കൊടുത്തു. ക്രിസ്തുവിനുള്ളവരാകുക എന്നാൽ പാപത്തിന്റെ പ്രലോഭനത്തിൽ നിന്നു മുക്തമാകുക എന്നല്ല അർത്ഥം. വിശ്വാസികൾക്ക് പരസ്മപരം പിന്താങ്ങി മുൻപോട്ട് നീങ്ങുവാൻ കഴിയാതെ വന്നതായിരുന്നു കൊരിന്ത്യയിലെ ക്രിസ്ത്യാനികൾക്ക് സംഭവിച്ച കുഴപ്പം. അവർ നേരിട്ട മറ്റൊരു കുഴപ്പം, ദൈവമില്ലാത്ത ലോകത്തിലെ ശത്രുക്കളിൽ നിന്നു നേരിട്ട പ്രശ്നമായിരുന്നു.

### സൊസ്തനോസിൽ നിന്നും പൗലൊസിൽ നിന്നുമുള്ള വന്ദനം (1:1-3)

**1ദൈവേഷ്ടത്താൽ യേശുക്രിസ്തുവിന്റെ അപ്പൊസ്തലനായി വിളിക്കപ്പെട്ട പൗലൊസും സഹോദരനായ സോസ്തെനോസും കൊരിന്തിലുള്ള ദൈവസഭയ്ക്ക്.**

**2ക്രിസ്തുയേശുവിൽ വിശുദ്ധീകരിക്കപ്പെട്ടവരും, അവിടെയും, ഇവിടെയും എവിടെയും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവരോടും കൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാരായവർക്കു തന്നെ എഴുതുന്നത്.**

**3നമ്മുടെ പിതാവിൽ നിന്നും നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽനിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകുമാറാകട്ടെ.**

**വാക്യം 1.** തന്റെ മിക്ക ലേഖനങ്ങളും പൗലൊസ് ആരംഭിക്കുന്നത് തന്നെ **ഒരു അപ്പൊസ്തലലൻ** എന്ന് തിരിച്ചറിയിച്ചുകൊണ്ടാണ്. ഇതിന് ഒഴികഴിവുള്ളത് ഫിലെമോൻ, ഫിലിപ്പിയർ, തെസലൊനിക്യ എന്നീ ലേഖനങ്ങളാണ്. സ്നേഹിതന്മാർക്ക് ലേഖനം എഴുതുമ്പോൾ അപ്പൊസ്തലിക അധികാരം

വ്യക്തമാക്കേണ്ട ആവശ്യം വരുന്നില്ല; അങ്ങനെ അവരോട് ചെയ്താൽ അത് ദ്രോഹമായും കണക്കാക്കിയേക്കാം. ആധുനിക കാലത്ത്, എം.ഡി; അല്ലെങ്കിൽ പി.എച്ച്.ഡി കരസ്ഥമാക്കുന്നവർ, തങ്ങളുടെ പേർ സംബോധന ചെയ്യുമ്പോൾ ആദ്യത്തെ പേരാണ് പരിചയപ്പെടുത്തുന്നത് – സഭയിൽ കൂടിവരുന്ന – യുവാക്കൾ പോലും അങ്ങനെയാണ്. സ്നേഹിതന്മാർ പരസ്പരം ഇടപഴകുമ്പോൾ, സാധാരണ പദവികൾ ഉപയോഗിക്കാറില്ല. താനും തന്റെ വായനക്കാരും തമ്മിൽ അൽപം ദൂരം സൂക്ഷിക്കുന്നതിനാകാം "അപ്പൊസ്തലൻ" എന്ന് പൗലൊസ് അവനെ പരിചയപ്പെടുത്തിയത്. അവൻ അവരുടെ സ്നേഹിതനായിരുന്നു; എന്നാൽ, നല്ല ഒരു അപ്പൻ എന്ന പോലെ, അവൻ സ്നേഹിതനേക്കാൾ ഉപരിയായിരുന്നു. ദൈവത്താൽ നിയമിക്കപ്പെട്ടവനായിരുന്നു പൗലൊസ്. സൗഹൃദത്തോടൊപ്പം, അവൻ **യേശുക്രിസ്തുവിന്റെ അപ്പൊസ്തലൻ** ആണെന്ന കാര്യം അവർ മറന്നുകൂടായിരുന്നു.

1 കൊരിന്ത്യർക്ക് എഴുതിയ ലേഖനത്തിൽ, പൗലൊസ് തന്റെ അപ്പൊസ്തലത്വത്തെ പ്രതിരോധിക്കുകയായിരുന്നില്ല, അവനും വായനക്കാരും പ്രതീക്ഷിച്ചത് അവന്റെ അപ്പൊസ്തല നേതൃത്വം നിർവ്വഹിക്കുമെന്നായിരുന്നു.. കൊരിന്ത്യ സഭയുടെ ആവശ്യങ്ങൾ നിറവേറ്റുന്ന രീതിയിലായിരുന്നു പൗലൊസ് പ്രസംഗിച്ചത്.[1] ക്രിസ്തുവിന്റെ സന്ദേശം ലോകത്തിലെത്തിക്കുവാൻ പൗലൊസിനെ നിർബ്ബന്ധിച്ച ഘടകവും മറ്റൊന്ന് ആയിരുന്നില്ല. അവൻ ചെയ്ത അടയാളങ്ങൾ അവൻ അപ്പൊസ്തലൻ എന്ന് പ്രഖ്യാപിക്കപ്പെട്ടു, താൻ ക്രിസ്തുവിനെ കണ്ടു എന്നും അവൻ അവകാശപ്പെട്ടിരുന്നു (9:1; 15:8). അവന്റെ അവകാശം മറ്റൊന്നു കൂടെ തെളിയിക്കുന്നു, ദൈവം തന്നെ നേരിട്ട് അവനെ ഔദ്യോഗിക ചുമതല ഏൽപിക്കുകയായിരുന്നു (ഗലാ. 1:15), ആത്മാവിന്റെ സാന്നിധ്യം അത് ഉറപ്പിക്കുകയും ചെയ്തു (1 കൊ. 7:40; ഗലാ. 3:2). പൗലൊസിന്റെ അപ്പൊസ്തലത്വം, പ്രത്യേകിച്ച് കൊരിന്ത്യരോട് അവൻ സ്പഷ്ടമാക്കി. അവൻ ആയിരുന്നു അവരെ ക്രിസ്തുവിലേക്ക് നയിച്ചത്, ആത്മാവിന്റെ അനുഗ്രഹങ്ങൾ അവരിലേക്ക് പകർന്നു കൊടുത്തതും അവനായിരുന്നു (2 കൊ. 3:2, 3).

അപ്പൊസ്തല ചുമതലകൾ നിർവ്വഹിപ്പാൻ താൻ തയ്യാറാണെന്ന് ലേഖനത്തിലെ അവന്റെ ആമുഖ വാക്കുകൾ വ്യക്തമാക്കുന്നു. തനിക്ക് ഇഷ്ടമില്ലാതിരുന്നത് നായകത്വത്തിന് ആവശ്യമെങ്കിൽ ഏറ്റെടുക്കുവാൻ അവൻ സന്നദ്ധനായി. ക്രിസ്തീയ ഏറ്റുപറച്ചലിന് വിരുദ്ധമായോ അല്ലെങ്കിൽ, അഭക്തിക്കെതിരെ കർത്താവിനോടു ചേർന്നു നിന്ന് വിട്ടുവീഴ്ച്ചയില്ലാതെ പ്രവർത്തിക്കുവാൻ പൗലൊസ് തീരുമാനിച്ചു. തന്റെ സ്നേഹിതന്മാരായിരുന്ന തിമൊഥെയൊസിനും, തിത്തൊസിനും ലേഖനമെഴുതുമ്പോഴും, താൻ "ഒരു അപ്പൊസ്തലൻ എന്ന് തിരിച്ചറിയിച്ചിരുന്നു. വ്യക്തിപരമായി അവർ അവന്റെ സ്നേഹിതന്മാർ ആയിരുന്നുവെങ്കിലും, ആ സ്നേഹിതന്മാർക്ക് പൊതുരംഗത്ത് പ്രവർത്തിപ്പാൻ ആ നിർദ്ദേശങ്ങളും, പ്രബോധനങ്ങളും ആവശ്യമായിരുന്നു.

വന്ദനത്തിൽ പൗലൊസിനൊപ്പം അവൻ സോസ്തെനോസിന്റെ പേരും ചേർത്തിരിക്കുന്നു. തിമൊഥെയൊസിനും തിത്തൊസിനും, എഫെസ്യർക്ക്, ഗലാത്യർക്ക്, റോമർക്ക് എല്ലാം ലേഖനം എഴുതുമ്പോൾ അവൻ തന്റെ മാത്രം വന്ദനം അറിയിക്കുകയാണ് ചെയ്തത്. 2 കൊരിന്ത്യർ, ഫിലിപ്പിയർ, കൊലൊസ്യർ, ഫിലെമോൻ എന്നീ ലേഖനങ്ങളിൽ പൗലൊസിനൊപ്പം തിമൊഥെയൊസിന്റെ പേരും ചേർത്താണ് വന്ദനം പറഞ്ഞിരിക്കുന്നത്. തെസ്സലൊനിക്യ

ലേഖനങ്ങളിൽ രണ്ടിലും അപ്പൊസ്തലന്റെ പേരിനൊപ്പം തിമൊഥാസിന്റെയും ശിലാസിന്റെയും പേരുകൾ കൂടെ ചേർത്തിരിക്കുന്നു. 1 കൊരിന്ത്യ ലേഖനത്തിൽ മാത്രമാണ് സോസ്തെനോസിന്റെ പേർ ചേർത്തിരിക്കുന്നത്.

സോസ്തെനോസ്, ഗ്രീക്കുകാർക്കിടയിൽ ഒരു അപൂർവ്വ പേരായിരുന്നു. അത് പുതിയ നിയമത്തിൽ, ഇവിടെയും പ്രവൃത്തികൾ 18:17 ലും മാത്രമാണു കാണുന്നത്. ഉടനെ അത് ഒരു ചോദ്യം ഉയർത്തുന്നു: കൊരിന്ത്യർക്ക് വന്ദനം അറിയിക്കുന്ന അതേ സോസ്തെനോസ് തന്നെയാണോ പ്രവൃത്തികൾ 18:17 ലെ ഗല്ലിയോൻ ന്യായാധിപസഭയുടെ മുമ്പാകെ അടിപ്പിക്കുവാൻ കൽപിച്ച "പള്ളിപ്രമാണിയായിരുന്ന" സോസ്തെനോസ്? അങ്ങനെയാണ് എങ്കിൽ, കൊരിന്ത്യയിലെ സോസ്തെനോസ് എഫെസോസിൽ എന്തു ചെയ്യുകയായിരുന്നു? സഭയിൽനിന്നുള്ള ചോദ്യങ്ങളുമായി എഫെസൊസിലേക്കുള്ള അകമ്പടിയിൽ അവൻ ഇല്ലായിരുന്നു. ചുരുങ്ങിയത്, എഴുത്തുമായി കൊരിന്തിൽനിന്ന് അയച്ചവരിൽ സോസ്തെനോസിന്റെ പേർ പൗലൊസ് പറയുന്നില്ല (1 കൊ. 16:17). കൂടാതെ, ലോഖനത്തിൽ അവനെ കുറിച്ച് പൗലൊസ് പറയുന്നുമില്ല. ഒരുപക്ഷെ അവർ രണ്ടു പേരും ഒന്നുതന്നെ ആയിരിക്കുകയില്ല; എഫെസോസിലെ മറ്റു ക്രിസ്ത്യാനികളെ മാറ്റി സോസ്തെനോസിനെ മാത്രം വന്ദനം പറയുന്നതിൽ ഉൾപ്പെടുത്തിയതിന്റെ കാരണം നാം ചോദിച്ചുപോകും.

നമുക്ക് അജ്ഞാതമായ കാരണങ്ങളാൽ, സോസ്തെനോസ് (പ്രവൃ. 18:17) എഫെസൊസിലേക്ക് കുടിയേറി പാർത്തു എന്നു നമുക്ക് അനുമാനിക്കാം. ഒരുപക്ഷെ അവൻ കൊരിന്തിലെ യെഹൂദ സമൂഹത്തിലെ ഒരു പ്രധാനി ആയിരുന്നേക്കാം. മുമ്പിലത്തെ പള്ളി പ്രമാണിയായിരുന്ന ക്രിസ്പോസ്, യേശു തന്നെ ക്രിസ്തു, എന്ന് ഏറ്റു പറഞ്ഞിരുന്നു. നഗരത്തിലെ യെഹൂദന്മാർക്ക് അപ്പോൾ ഒരു നേതാവ് ഇല്ലായിരുന്നേക്കാം (പ്രവൃ. 18:8). സോസ്തെനോസ് ഒരു പടി മുമ്പോട്ടു നടന്നു. ഒരുപക്ഷെ റോമൻ വിചാരണക്ക് മുൻപിൽ യെഹൂദന്മാർക്ക് ക്രിസ്ത്യാനികളെ കുറിച്ചുള്ള വ്യക്തമായ ചിത്രം അവൻ അവതരിപ്പിച്ചിരിക്കാം. യെഹൂദന്മാരെ പോലെയല്ല ക്രിസ്ത്യാനികൾ എന്ന് അധികാരികൾ മനസിലാക്കണമെന്ന് അവൻ ആഗ്രഹിച്ചു. കുഴപ്പമുണ്ടാക്കിയിരുന്ന യെഹൂദന്മാർക്ക് റോമൻ നിയമമനുസരിച്ച് അവർക്ക് സംരക്ഷണത്തിന് ഒരു അർഹതയുമില്ലായിരുന്നു. യെഹദന്മാരും ഗ്രീക്കുകാരും "ദൈവത്തെ ന്യായപ്രമാണത്തിന് വിരുദ്ധമായി നമസ്ക്കരിക്കണമെന്നായിരുന്നു" അവൻ അവരെ ഉത്തേജിപ്പിച്ചത് (പ്രവൃ. 18:13). ചുരുക്കത്തിൽ, സോസ്തെനോസ് അവരോട് പറഞ്ഞു, "യെഹൂദന്മാരായിരുന്ന ഞങ്ങൾ അവരെ തള്ളിക്കളഞ്ഞിരിക്കുന്നു. അവർ ഞങ്ങളിൽ ഉൾപ്പെട്ടവരല്ല. റോമാക്കാരായ നിങ്ങൾ, മറ്റു അന്യ മതക്കാരോട് പെരുമാറുന്നതുപോലെ അവരോട് പെരുമാറിക്കൊള്ളുക."

ഗല്ലിയോന്റെ അടുത്തുള്ള വിചാരണ സോസ്തെനോസ് വിചാരിച്ചതുപോലെയല്ല സംഭവിച്ചത്. പല കാരണങ്ങളാൽ പ്രവൃത്തികളുടെ പുസ്തകം വിശദ വിവരം നൽകുന്നില്ല. ന്യായാധിപസഭയുടെ തീരുമാനം പള്ളിപ്രമാണിയെ അടിപ്പിക്കുന്നതിനായിരുന്നു, ഒരുപക്ഷെ കഠിനമായി അടിപ്പിക്കുന്നതിനുമായിരിക്കാം. താൽപര്യമില്ലാതിരുന്ന നാടുവാഴിയുടെ നേതൃത്വത്തിൻ കീഴിലായിരുന്നു അടിപ്പിക്കൽ നടന്നത്. അതിനെ കുറിച്ചുള്ള തീരുമാനത്താൽ, ഗല്ലിയോൻ റോമർക്കാർക്കിടയിൽ നിയമനടപടികളിലേക്ക് നീങ്ങിയിരിക്കാം, കുറേക്കാലത്തേക്ക് യെഹൂദന്മാരും ക്രിസ്ത്യാനികളും ദൈവത്തെ നമസ്ക്കരിക്കുന്നവർ എന്ന രീതിയിൽ കണക്കാക്കുകയും ചെയ്തു. എങ്ങനെയായാ

ലും, പ്രവൃത്തികൾ 18:17 പറയുന്നു, "എന്നാൽ ഗല്ലിയോൻ അതൊന്നും അത്ര കാര്യമാക്കിയില്ല."

ഗല്ലിയോന്റെ മുമ്പിൽ അടിപ്പിക്കുവാൻ കൽപിച്ചതിനാൽ, സോസ്സേനേ ാസ് കൊരിന്തിൽ താൽപര്യമില്ലാത്തവനായി. അക്കാരണത്താലാകാം അവൻ എഫെസോസിലേക്ക് പോയത്. അവിടെ വെച്ച് അവൻ മുൻകയ്യെടുത്തതിനാ ലാകാം പൗലൊസിനെ വീണ്ടും കണ്ടുമുട്ടിയത്. അവൻ അപ്പൊസ്തലനിൽന ിന്നു കേട്ടു പഠിച്ച ക്രിസ്പോസിനെ പിൻഗമിച്ചിരിക്കാം. സോസ്തെനോസ്, ക്രിസ്തുവിനെ കർത്താവായി സ്വീകരിച്ചു, ക്രിസ്തുവിനെയും അവന്റെ സന്ദേ ശത്തെയും ഏറ്റു പറഞ്ഞ കൊരിന്ത്യയിലെ രണ്ടാമത്തെ പള്ളി പ്രമാണിയാ യിരുന്നു സോസ്തെനോസ്.

പൗലൊസ് വന്ദനത്തിൽ സോസ്തെനോസിന്റെ പേർ ചേർത്തിരിക്കുന്നു എങ്കിലും, 1 കൊരിന്ത്യ ലേഖനം എഴുതുന്നതിൽ അവന് പങ്ക് ഒന്നുമില്ലായി രുന്നു. അവരുടെ രണ്ടുപേരുടേയും പേരുകൾ ഒരുമിച്ച് കൊരിന്ത്യരോടു പറയുവാനുള്ള കാരണം, വിജയകരമായ ഒരു പ്രസ്ഥാനത്തിന്റെ മുന്നണിപ്പോ രാളികളായിരുന്നു അവർ (റോമ. 1:8–10; കൊലൊ. 1:6; 1 പത്രൊ. 5:9 നോക്കുക). ദൈവത്തിന്റെ ഉദ്ദേശത്തെ തടുക്കുവാൻ ഒരു എതിർപ്പിനും കഴിയുകയില്ല. അവന്റെ ഉദ്ദേശം അവൻ നിറവേറ്റുക തന്നെ ചെയ്യും. കൊരിന്ത്യയിലുള്ളവർ തന്റെ പഴയ ശത്രുവിന്റെ വന്ദനം പ്രതീക്ഷിച്ചിരിക്കാനിടയില്ലാത്തതിനാലാകാം പൗലൊസ്, സോസ്തെനോസിന് മുമ്പ് നമ്മുടെ സഹോദരനായ എന്നു വിശേ ഷിപ്പിച്ചത്. അവന്റെ പരിവർത്തനം ആകസ്മിക സ്വാഗതത്തിന് വഴിയൊരുക്കി.

**വാക്യം 2**. പൗലൊസ് ഈ ലേഖനം സംബോധന ചെയ്തത്, **കൊരിന്തി ലുള്ള ദൈവസഭയ്ക്ക്** എന്നാണ്. "സഭ" എന്ന വാക്ക് എടുത്തിരിക്കുന്നത് LXX ൽ[2] നിന്നാണ്. സംസ്ഥാനത്തിന്റെ കാര്യങ്ങൾ തീരുമാനിക്കുവാൻ പൗരന്മാർ സമ്മേളിക്കുന്നതിനെയാണ് ലൗകിക പ്രതലത്തിൽ ആ വാക്ക് ഉപയോഗിക്കുന്നത് (പ്രവൃ. 19:39 നോക്കുക). യോഗം ചേരുക എന്ന ആശയ ത്തിൽനിന്ന് ആ വാക്കിനെ വേർപിരിക്കുവാൻ ഗ്രീക്കുകാർ പ്രയാസപ്പെട്ടിരി ക്കാം. ക്രിസ്ത്യാനികൾ ഒരുമിച്ചു കൂടി വന്നിരുന്നത് മനസിലാക്കിയാണ് പ ൗലൊസ് "സഭ" എന്ന് വാക്ക് ഉപയോഗിച്ചത്. സഭ മറ്റെന്തെല്ലാമായിരുന്നാലും, എന്തെല്ലാം ചെയ്താലും, അത് ഒരുമിച്ചു കൂടി വരുന്നതിന് അന്യോന്യം പ ിന്താങ്ങിയിരുന്നു. ക്രിസ്ത്യാനികൾ ദൈവസന്നിധിയിൽ കൂടിവന്ന് ദൈവ ത്തിന് പുകഴ്ച്ച അർപ്പിക്കുമായിരുന്നു. പൊതുവായ ജീവിതവും അർപ്പണ വിശ്വാസവും, പരസ്പരം ഉത്തേജിപ്പിക്കലും, പുനരർപ്പണവും, പിന്താങ്ങലും ക്രിസ്ത്യാനികളുടെ കൂടിവരവിൽ ഉൾപ്പെടുന്നു (എബ്രാ. 10:23–25).

തന്റെ വായനക്കാർ അവരുടെ വിശ്വാസത്തെ കുറിച്ചും സ്വഭാവത്തെ കുറിച്ചുള്ള അവരുടെ ചിന്തക്ക് മാറ്റം വരേണമെന്ന് പൗലൊസിന് അറിയാമാ യിരുന്നു. അവർ "ദൈവത്തിന്റെ സഭ" ആയിരുന്നു; അവർ പൗലൊസിനെ പോലെ **ക്രിസ്തുയേശുവിൽ വിശുദ്ധീകരിക്കപ്പെട്ടവർ** ആയിരുന്നു. അവർ വിശുദ്ധീകരിക്കപ്പെടുവാൻ കാരണം അവർ ദൈവനാമം സ്വീകരിപ്പാൻ വിളി ക്കപ്പെട്ടവരായിരുന്നു. "ദൈവത്തോടുള്ള പ്രത്യേക ബന്ധത്തിലായിരിക്കുവാന ാണ് വിശുദ്ധീകരണം, അല്ലാതെ പ്രത്യേക യോഗ്യത ഉൾപ്പെടുന്നതല്ല അത്"[3] വിശുദ്ധീകരിക്കപ്പെടുന്നത് വിശുദ്ധരായി ജീവിക്കുവാനാണ്. വിശദമാക്കുന്ന തിലുപരിയായിട്ടാണ് പൗലൊസ് ആ വാക്ക് ഉപയോഗിച്ചത്. ദൈവം സൃഷ്ടി ച്ചതുപോലെ ജീവിക്കുവാനുള്ള വെല്ലുവിളിയാണ് പൗലൊസ് അവർക്ക്

നൽകിയത്. അവരുടെ ജീവിതത്താൽ ആ വിശുദ്ധി പ്രകാശിപ്പിക്കുകയായിരുന്നു അവർ ചെയ്യേണ്ടിയിരുന്നത്. ഈ ലേഖനത്തിലെ പൗലൊസിന്റെ വാക്കുകൾ ആരംഭിച്ചതു തന്നെ ക്രിസ്തുവിന്റെ ഏക ശരീരത്തിന് ഊന്നൽ കൊടുത്തുകൊണ്ടായിരുന്നു. അവർ ആയിരിക്കേണ്ട ഏക സഭയ്ക്ക് വിരുദ്ധമായിരുന്നു കൊരിന്ത്യ സഭയിലെ ഭിന്നത.

1 കൊരിന്ത്യ ലേഖനം നേരിട്ട് കൊരിന്ത്യ സഭയോട് പറയുന്നതായിരുന്നു പ്രതിപാദിച്ചിരിക്കുന്ന ആ പ്രശ്നങ്ങളും വിചാരങ്ങളും കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ ലോകമെങ്ങുമുള്ള ഒരു കൂട്ടായ്മയുടെ ഭാഗമാണെന്ന് അവർ മനസിലാക്കണമായിരുന്നു. **നമ്മുടേയും, അവരുടേയും കർത്താവായ യേശുവിന്റെ നാമത്തിലേക്കാണ്** കൊരിന്ത്യയിലായാലും, എഫെസൊസിലായാലും, മറ്റേതൊരു പ്രദേശത്തായാലും, വിശ്വാസികളാകുവാൻ ദൈവം വിളിച്ചിരിക്കുന്നത്. ദൈവത്തിന്റെ വലിയ വീണ്ടെടുപ്പു പദ്ധതിയാലാണ് അവരെ വേർതിരിച്ചു കൊണ്ടുവന്നിരിക്കുന്നത്. സമയത്തിനും സ്ഥലത്തിനും അതീതമായി അവർക്ക് ലഭിച്ച രക്ഷാ സന്ദേശത്തിൽ കൊരിന്ത്യർക്കുള്ള ദൗത്യം കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ മനസിലാക്കണമായിരുന്നു. യേശുക്രിസ്തു എല്ലായിടത്തും എല്ലാവരുടേയും കർത്താവ് ആയിരിക്കുന്നതുപോലെ, "നമ്മുടേയും," അവരുടേയും, "കർത്താവ്" ആണ്.

**വാക്യം 3**. തന്റെ പ്രത്യേകമായ ഗ്രീക്ക് അക്ഷരത്തിൽ, അപ്പൊസ്തലൻ തന്റെ സ്നേഹവും പ്രാർത്ഥനയും അറിയിക്കുകയാണ്. **കൃപയും സമാധാനവും നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ** എന്നാണ് അവൻ എഴുതിയത്. ആ വാക്കുകൾ നിസാരമായി കാണുവാനുള്ളതല്ല. അവ വെറും ഔപചാരിക വന്ദനം മാത്രമായിരുന്നില്ല. വിശ്വാസമാണ് പൗലൊസിനേയും കൊരിന്ത്യ സഭയെയും യോജിപ്പിച്ചു നിർത്തിയത്. **പിതാവായ ദൈവവും കർത്താവായ യേശുക്രിസ്തുവും അവരെ ഒന്നാക്കിയതിനാലാണ്** അവർ ഒന്നായി തീർന്നത്. അവർ മുൻപ് ആയിരുന്ന അവിശ്വാസികളുമായുള്ള ബന്ധം വേർപെടുത്തിയതിനാൽ അവർക്ക് കൊടുത്ത അതിരുകൾക്കുള്ളിലായിരുന്നു അവരുടെ സ്ഥാനം. കൃപയും സമാധാനവും തങ്ങൾക്കുള്ളതാണെന്ന് കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ അറിഞ്ഞു.

പൗലൊസിന്റെ മുഖ്യ തത്വം, ദൈവത്തിന്റെ പിതൃത്വവും, യേശുക്രിസ്തുവിന്റെ കർത്തൃത്വവും ആയിരുന്നു. ഗ്രീക്ക് സാഹിത്യത്തിൽ, ദൈവ പിതാവായി ചുരുങ്ങിയത്, ചിലപ്പോഴെങ്കിലും കണക്കാക്കിയിരുന്നത് സ്യൂയസിനെ ആണ്. എന്നാൽ മനുഷ്യ കുടുംബത്തേക്കാളുപരി അവന്റെ പിതൃത്വത്തെ കണക്കാക്കിയിരുന്നത് ഒളിമ്പ്യൻ പാന്തെയോണിനെ ആയിരുന്നു. പഴയ നിയമകാലത്ത് പോലും ദൈവപിതാവ് എന്ന വിഷയം, സാന്നിധ്യം ഇല്ലാതിരുന്നില്ല എങ്കിലും, വശപ്പെടുത്തത്തക്കതായിരുന്നില്ല (ഹോശേ. 11:1–4 നോക്കുക). ദൈവത്തിന് തന്റെ ജനത്തോടുള്ള സ്നേഹവും അവർക്ക് അവനോടുള്ള ഉത്തരവാദിത്വവും മനസിലാക്കുവാൻ സഹായകരമാണ് ദൈവിക പിതൃത്വമെന്ന് യേശുവും പൗലൊസും തിരിച്ചറിഞ്ഞിരുന്നു. ദൈവികത്വത്തിൽ തുല്യ പങ്കാളികളാണ് പിതാവായ ദൈവവും, കർത്താവായ യേശുക്രിസ്തുവും. ആ രണ്ട് വ്യക്തിത്വങ്ങളിലും അവരുടെ ഏകത്വത്തിലും ക്രിസ്ത്യാന്കൾ കൃപയും സമാധാനവും കാണുന്നു.

## ദൈവത്താൽ എല്ലാറ്റിലും സമ്പന്നർ (1:4-9)

ഗ്രീക്ക് – റോമാ ലോകത്ത് പ്രസംഗ വിദ്യ പഠിപ്പിച്ചിരുന്ന സ്ക്കൂളുകളിൽ അദ്ധ്യാപകരും എഴുത്തുകാരും ഒരുപോലെ അവരേയും സദസിനേയും ബന്ധിപ്പിച്ചിരുന്നത് വാക്കുകൾ കൊണ്ടുള്ള പാലം നിമിത്തമായിരുന്നു. പൗലൊസിന്റെ ലൗകിക വിദ്യാഭ്യാസം ആശയവിനിമയത്തിന് അവനെ സഹായിച്ചിരുന്നു. സ്നേഹ വന്ദനം അറിയിച്ച ശേഷം അപ്പൊസ്തലൻ, കൊരിന്ത്യ സഭക്ക് ദൈവം നൽകിയ അനുഗ്രഹങ്ങൾ ഓർമ്മിപ്പിക്കുകയായിരുന്നു:

**[4]നിങ്ങൾക്ക് ക്രിസ്തുയേശുവിൽ നൽകപ്പെട്ട ദൈവ കൃപ നിമിത്തം ഞാൻ എന്റെ ദൈവത്തിന്ന് നിങ്ങളെ കുറിച്ച് എപ്പോഴും സ്തോത്രം ചെയ്യുന്നു. [5]ക്രിസ്തുവിന്റെ സാക്ഷ്യം നിങ്ങളിൽ ഉറപ്പായിരിക്കുന്നതുപോലെ [6]അവനിൽ നിങ്ങൾ സകലത്തിലും വിശേഷാൽ സകല വചനത്തിലും സകല പരിജ്ഞാനത്തിലും സമ്പന്നരായി തീർന്നു [7]ഇങ്ങനെ നിങ്ങൾ ഒരു കൃപാവരത്തിലും കുറവില്ലാത്തവരായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷത കാത്തിരിക്കുന്നു, [8]നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാളിൽ കുറ്റമില്ലാത്തവരായിരിക്കേണ്ടതിന്ന് അവൻ നിങ്ങളെ അവസാനത്തോളം ഉറപ്പിക്കും. [9]തന്റെ പുത്രനും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ.**

ഈ വാക്കുകൾ പ്രശംസനീയമാണ്. കൊരിന്ത്യരെ ദൈവം തിരഞ്ഞെടുത്തു, എന്നാൽ അവർ ദൈവകൃപ തുടർന്ന് അനുഭവിക്കുന്നവരായി കാണപ്പെട്ടില്ല. അവർ ദൈവത്തിനായി ഒരു തീരുമാനം എടുത്തവരായിരുന്നു. അവർ ആദ്യം അനുഗ്രഹിക്കപ്പെട്ടതുപോലെ തുടർന്നും അനുഗ്രഹിക്കപ്പെടുവാനായിരുന്നു അപ്പൊസ്തലൻ ലേഖനത്തിലുടനീളം ശ്രമിച്ചത്, പക്ഷെ ആ വായനക്കാർ, ദൈവത്തിന്റെ പിതൃത്വത്തെയും, യേശുവിന്റെ കർത്തൃത്വത്തെയും ഉൾക്കൊള്ളുവാൻ പൂർണ്ണമായി തീരുമാനിച്ചില്ല. പിന്തുടരുവാൻ ഒരു വിശ്വാസ വഴി ദൈവം നൽകിയിരുന്നു.

**വാക്യം 4**. പൊതുവിൽ പൗലൊസ് ഏതൊരു ലേഖനവും ആരംഭിക്കുന്നത് സ്തോത്ര പ്രാർത്ഥനയോടുകൂടിയാണ് (റോമ. 1:8; എഫെ. 1:6; ഫിലി. 1:3; കൊലൊ. 1:3; 1 തെസ്സ. 1:2; 2:13; 2 തെസ്സ. 1:3). കൊരിന്ത്യ വിശ്വാസികൾ വിശ്വസ്തമായി ദൈവത്തോട് പ്രതികരിക്കുവാൻ നൽകിയ ദൈവകൃപക്ക് പൗലൊസ് നന്ദിയുള്ളവനായിരുന്നു. സഭക്കുള്ളിലെ കുഴപ്പങ്ങൾ നോക്കിയാൽ, പൗലൊ എഴുതുന്നത് വളരെ നിർണ്ണായകമായിരുന്നു. **ഞാൻ എപ്പോഴും എന്റെ ദൈവത്തിന് നിങ്ങളെ കുറിച്ച് സ്തോത്രം ചെയ്യുന്നു**. ഇപ്പോഴും, ഔപചാരികമെന്ന് കരുതി പ്രാർത്ഥന ഒഴിവാക്കുന്നില്ല. മനുഷ്യരുടെ പരാജയത്തിൽ പ്രവർത്തിക്കുന്നതാണ് **നിങ്ങൾക്ക് യേശുക്രിസ്തുവിൽ നൽകുന്ന ദൈവത്തിന്റെ കൃപ**. അപക്വതയാൽ പാപം ചെയ്യുന്ന സഭയിലെ അംഗങ്ങളേയും ദൈവം നീതീകരിക്കും. കൊരിന്ത്യയിലെ വിശ്വാസികളെ ദൈവം രക്ഷിക്കപ്പെട്ടവരുടെ ശരീരത്തോട് കൂട്ടി ചേർത്തിരിക്കയാൽ പൗലൊസ് ദൈവത്തിന് സ്തോത്രം ചെയ്യുന്നു. ഒരു ജനത്തെ വീണ്ടെടുക്കുവാൻ ക്രിസ്തു ചെയ്ത പ്രവൃത്തികളിൽ നിന്നു തന്നെ പിന്തിരിപ്പിക്കുവാൻ കൊരിന്തിലെ അജ്ഞതയെയോ ദുരഭിമാനമാനത്തെയോ അവൻ അനുവദിച്ചില്ല.

ചെറിയ രണ്ട് വാചകങ്ങളിൽ (1:3, 4), പൗലൊസ് രണ്ട് പ്രാവശ്യം പൊത

ുവായ വാക്ക് കൃപ (χάρις, *കാരിസ്*) ഉയോഗിച്ചിരിക്കുന്നു. പൊതുവിൽ ഔദാര്യ മനസ് എന്ന് അർത്ഥമുള്ള ആ വാക്ക് ഉപയോഗിക്കുവാൻ അപ്പൊസ്തലന് മടിയില്ലായിരുന്നു (1:3), പക്ഷെ വാക്യം 4-ൽ ഉപയോഗിച്ച വാക്കിന്റെ അർത്ഥം ക്രിസ്ത്യാനികളെ മറ്റൊരു നിലയിലേക്ക് ഉയർത്തുന്നതാണ്, "ക്രിസ്തുയേശുവിൽ ... നൽകപ്പെടുന്ന" അപ്രതീക്ഷിതമായി, സൗജന്യമായി ദൈവം തരുന്ന സമ്മാനമാണ്. കൊരിന്ത്യ സഭയിലെ എല്ലാ സഹോദരീസഹോദരന്മാർക്കും ലഭിക്കുന്ന കൃപയും സ്തോത്രവും ലഭിക്കുവാനായി തിരുത്തലും ശാസനയും അനിവാര്യമായിരുന്നു. എന്തെല്ലാം കുഴപ്പങ്ങളിൽകൂടെ അവർ കടന്നു പോകേണ്ടിയിരുന്നാലും ലഭിക്കുവാനുള്ള ആത്മികാനുഗ്രഹങ്ങളെല്ലാം ക്രിസ്തുവിൽ സൗജന്യമാണെന്ന് അവർ മനസിലാക്കണമായിരുന്നു. ഭിന്നിപ്പിക്കുന്ന അവർക്കിടയിലെ പാപം അവർക്ക് നൽകപ്പെട്ട ആത്മാവിനെ കെടുക്കുമെങ്കിൽ അതിനേക്കാൾ കവിയുന്ന ദൈവത്തിന്റ കൃപ അവരെ ദൈവിക തലത്തിലേക്ക് ഉയർത്തുമെന്ന് അപ്പൊസ്തലന് വിശ്വാസമുണ്ടായിരുന്നു.

**വാക്യം 5**. അക്ഷരം തുടങ്ങുന്നതു തന്നെ **സകല വചനത്തിലും പരിജ്ഞാനത്തിലും** എന്ന് അപ്പൊസ്തലൻ പ്രസ്താവിച്ചുകൊണ്ടാണ്. തങ്ങളുടെ ജ്ഞാനത്തിൽ ചില കൊരിന്ത്യ വിശ്വാസികൾ സ്പഷ്ടമായും നിഗളിച്ചിരുന്നതായി നമുക്ക് കാണാം. അവർ മനസിലാക്കിയ ജ്ഞാനത്തിൽനിന്നു വ്യത്യസ്തമായ ജ്ഞാനമായിരുന്നു പൗലൊസ് അവരെ മനസിലാക്കി കൊടുപ്പാൻ ആഗ്രഹിച്ചത് (3:18-20). തന്റെ വായനക്കാർ ക്രിസ്തുവിൽ സമ്പന്നരായിരിക്കയാൽ പൗലൊസ് നന്ദിയുള്ളവനായിരുന്നു. കർത്താവിന്റെ സകല ദാനത്തിലും അവർ **സമൃദ്ധമായി അനുഗ്രഹിക്കപ്പെട്ടിരുന്നു**. പൗലൊസിന് "സകല വചനത്തിന്റേയും പരിജ്ഞാനത്തിന്റേയും" ഉറവിടം ക്രിസ്തുവായിരുന്നു. അപ്പൊസ്തലൻ ഒരേ സമയത്ത് അവരെ പുകഴ്ത്തുകയും ശകാരിക്കയും ചെയ്തു. വചനത്തിലും പരിജ്ഞാനത്തിലും ഗിഗളിച്ച കൊരിന്ത്യർ ലോകപ്രകാരമാണ് ചിന്തിച്ചത്. വ്യാജ സ്തുതിയേക്കാൾ ഉയർന്നതായിരുന്നു പൗലൊസിന്റെ വാക്കുകൾ.

അക്കാലത്തെ വാഗ്മികളുടെ ഉയർന്ന പ്രാഗത്ഭ്യമായാണ് ആളുകൾ കണ്ടിരുന്നത്. പ്രസംഗ പാടവം കർത്താവിനായും അല്ലാതെയും ഉപയോഗിക്കാമെന്ന് പൗലൊസിന് അറിയാമായിരുന്നു. കൊരിന്ത്യർ തങ്ങൾക്ക് ലഭിച്ച ജ്ഞാനത്തിൽ നിഗളിച്ചു പോയി. പൗലൊസിന് നിയന്ത്രണമുണ്ടായിരുന്നു. ക്രിസ്തുവിൽ ദൈവത്തെ കുറിച്ചു സംസാരിക്കുവാനും, അവന്റെ വെളിപ്പാട്, വീണ്ടെടുപ്പ്, നിത്യജീവൻ എന്നിവയെ കുറിച്ച് സംസാരിക്കുവാനും അവർ അനുഗ്രഹിക്കപ്പെട്ടിരുന്നു. ദൈവത്തിനു മഹത്വം കൊടുക്കുന്നതിനു പകരം, കൊരിന്ത്യർ തങ്ങൾക്ക് ലഭിച്ച പ്രസംഗ പാഗത്ഭ്യത്തിനും, ജ്ഞാനത്തിനും തങ്ങൾക്കു തന്നെ മഹത്വം കൊടുക്കുവാൻ തുടങ്ങി.

അപ്പൊസ്തലന്റെ പ്രസംഗം, താരതമ്യം ചെയ്ത് ഭിന്നിപ്പുളവാക്കുന്നതിനോ, പ്രശംസ പിടിക്കുന്നതിനോ വേണ്ടിയായിരുന്നില്ല. വചനവും പരിജ്ഞാനവും അവനും കൊരിന്ത്യരും ഉപയോഗിക്കേണ്ടിയിരുന്നത് സത്യത്തെ വ്യക്തമായി ആശയവിനിമയം ചെയ്യുവാനായിരുന്നു. എന്നാൽ രണ്ടു കൂട്ടരും അതിനു സ്വീകരിച്ച സമീപനം വ്യത്യസ്തമായിരുന്നു. ആ സഹോദരങ്ങൾ വാസ്തവത്തിൽ സമ്പന്നരായിരുന്നു, പക്ഷെ ക്രിസ്തുവിൽ അവർക്ക് ലഭിച്ച വരങ്ങൾ പകർന്നുകൊടുക്കുവാൻ അവർക്ക് കഴിഞ്ഞില്ല, അവർക്കു ചുറ്റുമുള്ള ആളുകളെ അവർ തള്ളിക്കളയുകയായിരുന്നു.

**വാക്യം 6**. പൗലൊസും മറ്റുള്ളവരും ചേർന്ന് നൽകിയ സാക്ഷ്യത്തിൽനിന്നായിരുന്നു കൊരിന്ത്യർക്ക് ലഭിച്ച ജ്ഞാനം. വാക്കിനാലും ക്രിയയാലും, **യേശു തന്നെയാണ് ക്രിസ്തു എന്ന് അവർ അവരോട് തറപ്പിച്ചു പറഞ്ഞിരുന്നു** (15:1–4). ദൈവം അവനെ മരിച്ചവരിൽനിന്നും ഉയർച്ചിച്ച് തന്റെ പുത്രനാണെന്ന് പ്രഖ്യാപിക്കയും ചെയ്തു (റോമ. 1:4). കൊരിന്ത്യർ അറിഞ്ഞ കാര്യങ്ങളായിരുന്നു അപ്പൊസ്തലൻ അവരെ ഓർമ്മിപ്പിച്ചത്: ക്രിസ്തുവിനെ കുറിച്ചുള്ള സാക്ഷ്യം കൊരിന്ത്യർക്കിടയിൽ ഉറപ്പിച്ചു. അപ്പൊസ്തലിക സാക്ഷ്യം എങ്ങനെ ഉറപ്പിച്ചു എന്ന് പൗലൊസിനും കൂട്ടർക്കും അറിയാമായിരുന്നെങ്കിലും, മൂന്നാം – വായനക്കാർക്ക് അത് അറിവില്ലായിരുന്നു. പിന്നീട് പൗലൊസ് പറഞ്ഞു, "ഏപ്പൊസ്തലന്റെ ലക്ഷണങ്ങൾ അത്ഭുതങ്ങളാലും അടയാളങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും നിങ്ങളുടെ ഇടയിൽ വെളിപ്പെട്ടുവന്നുവല്ലൊ" (2 കൊ. 12:12). പൗലൊസ് ആ പട്ടണത്തിലായിരുന്നപ്പോൾ, അവന്റെ കൈവെപ്പിനാൽ പരിശുദ്ധാത്മാവിന്റെ ശക്തി കൊരിന്ത്യരിലെ ചിലരിൽ വന്നിരുന്നു. ആ അനുഗ്രഹം ലഭിച്ചവർക്ക് അത്ഭുത പ്രവൃത്തികൾ നടത്തുവാൻ കഴിഞ്ഞിരുന്നു (1 കൊ. 12:7–10).

പ്രസംഗിച്ച ലചനം ഉറപ്പിക്കുന്നതിനായിരുന്നു അത്ഭുതങ്ങൾ, ഇവിടെ പൗലൊസിന്റെ മനസിൽ മറ്റൊന്നു കൂടെ ഉണ്ടായിരുന്നേക്കാം. കൊരിന്ത്യിലെ ക്രിസ്ത്യാനികൾ വീണ്ടെടുക്കപ്പെട്ടവരായതിനാൽ അവർക്ക് തങ്ങൾ ജീവിച്ചിരുന്ന മുൻകാല ജീവിതാനുഭവത്തിൽനിന്നു വ്യത്യസ്തമായ അനുഭവം അവരിൽ പ്രകടമാക്കുവാൻ കൂടെ ആയിരുന്നേക്കാം അത്. മാറിയ ജീവിതം സത്യത്തെ ഉറപ്പിക്കുന്നതുമായിരുന്നു. രണ്ടാമത് പറഞ്ഞ വിശദീകരണം ശരിയാണെന്ന് തോന്നോമെങ്കിലും തീർച്ചയില്ല എന്നു പറഞ്ഞുകൊള്ളട്ടെ. "ഉറപ്പിച്ചു" എന്ന ക്രിയ തർജിമ ചെയ്ത വാക്ക് βεβαιόω (*ബെബായിയു*) കൊരിന്ത്യരെ മുടന്തനെ സൗഖ്യമാക്കിയതും, കുരുടനെ സൗഖ്യമാക്കിയതും ഒർമ്മിപ്പിക്കുന്നതായിരുന്നു. സത്യത്തോടുകൂടെ വിവിധ വീര്യ പ്രവൃത്തികളും നടന്നതിനെ സൂചിപ്പിക്കുന്നതിനായി എബ്രായ ലേഖകൻ "ഉറപ്പിച്ചു" എന്ന ക്രിയ ഉപയോഗിച്ചിരിക്കുന്നു, "അത്ഭുതങ്ങളാലും, അടയാളങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും, തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകിയുമാണ് വചനം ഉറപ്പിച്ചത്" (എബ്രാ. 2:3, 4).

**വാക്യം 7.** തന്റെ വായനക്കാർ അനുഭവിച്ച ആത്മാവിന്റെ അനുഗ്രഹങ്ങളെ അപ്പൊസ്തലൻ അവരിൽ ഉറപ്പിക്കുകയായിരുന്നു. ദൈവത്തിന്റെ കൃപ അവരിലേക്ക് പകർന്നിരുന്നതിനാൽ, ക്രമേണ അവർ **ഒരു വരത്തിലും കുറവില്ലാതിരിക്കുവാനാണ്** ദൈവം ആഗ്രഹിച്ചത്. പരിജ്ഞാനത്തിലും പ്രസംഗത്തിലും അവർ സമ്പന്നരായിരുന്നു. ക്രിസ്തുവിനെ കുറിച്ചുള്ള സാക്ഷ്യം അവർക്കിടയിൽ ഉറപ്പിച്ചു. അവർക്ക് ലഭിച്ച അനുഗ്രഹങ്ങളെ നോക്കിയാൽ, സഭയിൽ ലൗകികത, തെറ്റിദ്ധാരണ, അപ്രസക്തമായ ഭിന്നത വരുവാൻ എന്താണ് കാരണം? തന്റെ കഠിനമായ ചോദ്യം അവരോട് ചോദിക്കുന്നതിന് മുൻപ്, അപ്പൊസ്തലൻ കൊരിന്ത്യർക്ക് ലഭിച്ച വിശ്വാസത്തെ ഉറപ്പിക്കുകയായിരുന്നു. എങ്ങനെയായാലും, അവരിൽ വ്യാപരിച്ച അനുഗ്രഹങ്ങൾ, അവരുടെ ബുദ്ധിയാലോ, ജ്ഞാനത്താലോ, ശക്തിയാലോ ലഭിച്ചതല്ല എന്ന് അപ്പൊസ്തലൻ അവരെ ഓർപ്പിക്കുകയായിരുന്നു. പിന്നീട് അവരുടെ ബുദ്ധിയും യുക്തിരഹിതമായ വിശ്വാസവും, ശക്തിയുമെല്ലാം അപ്പൊസ്തലൻ ചോദിക്കുകയുണ്ടായി (3:18–20).

കൊരിന്ത്യർ “ഒരു വരത്തിലും കുറവില്ലാത്തവരായിരുന്നതിനാൽ,” അവിടെ ചർച്ച ചെയ്യേണ്ട വിഷയം വിവിധ വരങ്ങളെ കുറിച്ചായിരുന്നു. “വരം” എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് χάρισμα (*കരിസ്മാ*) ആണ്, അത് പൗലൊസിന്റെ ലേഖനങ്ങളിൽ പതിനാറു പ്രാവശ്യവും പത്രൊസിന്റെ ലേഖനത്തിൽ ഒരു പ്രാവശ്യവും കാണാം (1 പത്രൊ. 4:10). പൗലൊസ് റോമിൽ എത്തിയപ്പോൾ, അവിടെയുള്ള ക്രിസ്ത്യാനികൾക്ക് ആത്മിയ വരം വല്ലതും നൽകാമോ എന്നു ചിന്തിച്ചിരുന്നു (റോമ. 1:11). ഗ്രീക്ക് ഭാഷയിൽ ആ വാക്ക് 1 കൊരിന്ത്യർ 12-ൽ ആ വാക്ക് കാണാം. “ഒരേ ആത്മാവിനാൽ” നൽകപ്പെട്ട അത്ഭുത വരങ്ങളായിരുന്നു കൊരിന്ത്യയിലെ സഹോദരങ്ങൾ ആസ്വദിച്ചത് (12:4). ഈ സന്ദർഭത്തിൽ, കരിസ്മ അർത്ഥമാക്കുന്നത്, അസാധാരണ ധനവിനിയോഗത്തെ ആണ്; ചിലപ്പോൾ അത്ഭുതമെന്ന് സൂചിപ്പിക്കാതെ പൗലൊസ് ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണമായി റോമർ 11:29 പറയുന്നു, “ദൈവം തന്റെ കൃപാ വരങ്ങളെയും വിളിയെയും കുറിച്ചു അനുതപിക്കുന്നില്ലല്ലൊ.” അപ്പോഴും, പൗലൊസ് 1 കൊരിന്ത്യർ 1:7-ൽ പൗലൊസിന്റ മനസിലെ അത്ഭുത വരങ്ങളെ സംബന്ധിച്ച് രണ്ട് കാര്യങ്ങൾ പരിഗണിക്കണം. ഒന്ന്, ഈ സന്ദർഭത്തിൽ അവർക്ക് ലഭിച്ച ആത്മികാനുഗ്രഹങ്ങൾക്ക് നിദാനമായ കൊരിന്ത്യരുടെ വിശ്വാസത്തെയാണ് ഊന്നി പറയുന്നത്. ആ പൂർണ്ണതയിൽ അത്ഭുത വരങ്ങളും ഉൾപ്പെടുന്നു. അവർ കാത്തിരുന്നത് “കർത്താവിന്റെ വെളിപ്പാടിനായിരുന്നു.” രണ്ട്, അത്ഭുതങ്ങൾക്ക് കൊരിന്ത്യർ തെറ്റായ സ്ഥാനമായിരുന്നു കൊടുത്തിരുന്നത് (12:29–31) 1:7 ലെ പ്രശ്നം പരിഹരിക്കുന്നതിന് കാത്തിരുന്നതായി 12:29–31 വിവരിക്കുന്നു.

കൊരിന്ത്യയിലെ ക്രിസ്ത്യാനികൾക്ക് ആത്മികവരങ്ങളിൽ കുറവില്ലായിരുന്നു, എന്നാൽ ദൈവം രൂപപ്പെടുത്തിയ വിധത്തിൽ അതിനെ കാണുമ്പോഴാണ് അതിനു പ്രാധാന്യമുള്ളതായി മാറുന്നത്. തന്റെ വായനക്കാരെ **കർത്താവായ യേശുക്രിസ്തുവിന്റെ വെളിപ്പാടിലേക്ക്** പൗലൊസ് നയിക്കുമ്പോൾ, ആ കാഴ്ച്ചപ്പാടും ചേർത്തു നൽകുന്നു. കർത്തായ യേശുവിന്റെ മടങ്ങിവരവിനായി കാത്തിരുന്നു ജീവിക്കുന്നവർ വരങ്ങളെയും അഭിമാനത്തേയും പ്രത്യേക കാഴ്ച്ചപ്പാടിൽ വേണം കാണുവാൻ. അവരുടെ വരവും ജ്ഞാനവും എന്തായിരുന്നാലും, കർത്താവിന്റെ മടങ്ങി വരവും, “കർത്താവിന്റെ പ്രത്യക്ഷതയും” ആയിരുന്നു അവരുടെ പ്രതീക്ഷ. “എല്ലാറ്റിന്റേയും അവസാനം അടുത്തിരിക്കുന്നു” എന്നതിനാൽ, ക്രിസ്തുവിന്റെ സഭയിലുള്ളവർ ചക്രവാളം നോക്കി വേണം ജീവിക്കുവാൻ (1 പത്രൊ. 4:7).

ക്രിസ്ത്യാനികളായതിനാൽ, കൃപയാൽ, നമുക്ക് അവസാനത്തോളം സ്ഥിരത പുലർത്തുവാൻ കഴിയും; എന്നാൽ സ്ഥിരത മുൻനിശ്ചയിച്ച തീർപ്പ് അല്ല. താൻ പോലും “കൊള്ളരുതാത്തവനായി” തീരുവാനുള്ള സാഹചര്യം പൗലൊസ് തള്ളിക്കളയുന്നില്ല. (1 കൊ. 9:26, 27; കെജെവി). കർത്താവിലുള്ള വിശ്വാസത്തെ സൂക്ഷിക്കുന്നവരെ, കർത്താവായ യേശുവിന്റെ സ്നേഹത്തിൽനിന്നു വേർപിരിക്കുവാൻ ലോകത്ത് ഒരു ശക്തിക്കും സാധ്യമല്ല (റോമ. 8:38, 39). യേശു നമ്മുടെ സഹായിയും സ്നേഹിതനുമാണ്. പാപം മോചിക്കുന്നതും തന്റേതാക്കുന്നതും കർത്താവാണ്.

**വാക്യം 8.** 1:7-ൽ പറയുന്ന “കർത്താവിന്റെ പ്രത്യക്ഷത” എന്നത് മറ്റൊരു വിധത്തിൽ പറയുന്നതാണ് 1:8 ലെ **കർത്താവിന്റെ നാൾ**. ചരിത്രം കർത്താവിന്റെ മടങ്ങി വരവിലേക്ക് നീങ്ങി കൊണ്ടിരിക്കുന്നു. ഭൂമിയിലെ നിലനിൽപ

ും കാലവും അവസാനിക്കാറായി. പിറുപിറുത്ത് മനുഷ്യ കുടുംബം കുഴപ്പത്തിലാക്കരുത്. കാലം ചെല്ലുന്തോറും ദൈവം തന്റെ ഉദ്ദേശവും ദിശയും വെളിപ്പെടുത്തി കൊടുക്കും.

"കർത്താവിന്റെ നാൾ" പഴയ നിയമത്തിലും പ്രാധാന്യമുള്ള വിഷയം ആയിരുന്നു. പുതിയ നിയമത്തിൽ അതിന്റെ അർത്ഥം മനസിലാകത്തക്കവണ്ണം പ്രവാചകന്മാർ അതിനെ വിശദമാക്കിയിരുന്നു. കർത്താവ് ശക്തിയോടുകൂടെ വന്നു തന്റെ ജനത്തെ രക്ഷിക്കുകയോ, ശിക്ഷിക്കുകയോ ചെയ്തതായിരുന്നു "കർത്താവിന്റെ നാൾ." പുതിയ നിയമത്തിൽ "കർത്താവിന്റെ നാൾ" എന്നു പറഞ്ഞിരിക്കുന്നതെല്ലാം കർത്താവിന്റെ മടങ്ങി വരവിനെയാണ് സൂചിപ്പിക്കുന്നത്. "കർത്താവിന്റെ വരവ് കള്ളനെ പോലെ ആയിരിക്കും" എന്ന സൂചനയല്ലാതെ, വരവിന്റെ കൃത്യ സമയം വെളിപ്പെടുത്തിയിട്ടില്ല, പക്ഷെ അവന്റെ മടങ്ങി വരവ് തീർച്ചയാണ് (മത്താ. 24:36; 1 തെസ്സ. 5:2 നോക്കുക).

**വാക്യം 9**. ദൈവത്തോടുള്ള വിശ്വസ്തയുടെ അടിസ്ഥാനത്തിലാണ് രക്ഷ ഉറപ്പാക്കിയിരിക്കുന്നത്. ഗ്രീക്കുകാർ മനസിലാക്കിയിരുന്നതുപോലെ, വാസ്തവത്തിലുള്ള ദൈവം ചപലതയുള്ളവനല്ല. **ദൈവം വിശ്വസ്തനാണ്**, അവൻ തന്റെ മക്കളുടെ കൂടെയുണ്ട്. 1:9 ന്റെ ഏറ്റവും നല്ല തർജിമ ഒരുപക്ഷെ **പുത്രനോടുള്ള കൂട്ടായ്മ** എന്നതായിരിക്കാം, അത് സംബന്ധകാരകമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്, അക്ഷരികമായ അർത്ഥം, "അവന്റെ പുത്രന്റെ കൂട്ടായ്മക്ക്" എന്നാണ്. ക്രിസ്തുവിനോട് പൊതുവായ കൂട്ടായ്മയാൽ ലഭിക്കുന്നതാണ് തമ്മിൽ തമ്മിലുള്ള കൂട്ടായ്മ (1 യോഹ. 1:6, 7).

അവന്റെ നാമം തുടർച്ചയായി ഉപയോഗിച്ചതിനാൽ, പൗലൊസിന്റെ മനസിൽ ക്രിസ്തു ആയിരുന്നു എന്നു സ്പഷ്ടം. ലോഖനത്തിന്റെ ആരംഭം മുതൽ അവസാനം വരെ കൊരിന്ത്യരുടെ മുമ്പിൽ പൗലൊസ് ക്രിസ്തുവിനെയാണ് വരച്ച് കാണിച്ചത്. തന്റെ ജ്ഞാനത്തിലോ ശക്തിയിലോ ആശ്രയിക്കാതെ പൗലൊസ് കർത്താവിലായിരുന്നു ആശ്രയിച്ചത്. അവന്റെ ഓരോ ചിന്തയിലും പ്രവൃത്തിയിലും, നഷ്ടപ്പെട്ടവരെ നിത്യജീവങ്കലേക്ക് നടത്തുന്നവന് മഹത്വം കൊടുക്കുന്നതായിരുന്നു.

## സഭയിലെ ഭിന്നതയെ കുറിച്ച് പൗലൊസിന്റെ പ്രബോധനം (1:10-17)

ലേഖനം പുരോഗമിക്കുമ്പോൾ, തനിക്ക് അയച്ചതായ പല ചോദ്യങ്ങൾക്കും ഉത്തരം നൽകുന്നവയായിരുന്നു. അവരുടെ ചോദ്യങ്ങളിലേക്ക് കടക്കുന്നതിനു മുമ്പ് അപ്പൊസ്തലൻ സഭയിലെ ഭിന്നതയെ കുറിച്ച് സംസാരിച്ചു (1:10–4:21). ഭിന്നതയെന്ന പ്രശ്നത്തെ കുറിച്ചുള്ള വിവരം ലഭിച്ചപ്പോൾ, പൗലൊസിനെ ചിന്തിപ്പിച്ചു. ശണ്ഠയും വിഭാഗിയതയും ചില രീതിയിൽ സഭയിൽ പ്രവേശിച്ചത് അപ്പൊസ്തലനെ ദുഃഖിപ്പിച്ചു. ചില ക്രിസ്ത്യാനികളുടെ അനുചിതമായ പ്രവൃത്തി പൗലൊസിനോടുള്ള അവരുടെ വിശ്വാസത്തെ തകർക്കുന്നതായിരുന്നു. ക്രിസ്തുവിന്റെ ശരീരത്തിന്റെ ഐക്യതക്കപ്പുറമായി പൗലൊസിന് ചില കാര്യങ്ങൾ പ്രാധാന്യമർഹിക്കുന്നതായിരുന്നു (എഫെ. 4:4–6). സഭയിൽ ഭിന്നിപ്പുണ്ടാക്കുന്ന വിധം ആരുടെയെങ്കിലും പേർ വലിച്ചിഴക്കുന്നത് പൗലൊസിനെ അലോസരപ്പെടുത്തി. ഇന്നു പുതിയനിയമ സഭയുടെ ഇടവക ആദ്യമായി ആരംഭിക്കുമ്പോൾ വേഗത്തിൽ ഭിന്നത സ്വാധീനിക്കാൻ സാധ്യതയുണ്ട്.

കൊരിന്ത്യ സഭയിൽ ഭിന്നത ഉടലെടുക്കുവാൻ പല കാരണങ്ങൾ ഉണ്ടാ

യിരുന്നേക്കാം. സഹോദരങ്ങൾക്ക് വിവിധ രീതിയിലുള്ള അത്ഭുത വരങ്ങൾ ലഭിച്ചിരുന്നു എങ്കിലും, വിശ്വാസം, പരിശീലനം എന്നിവയെ ആധികാരികമായി വിശദമാക്കുന്ന എഴുതപ്പെട്ട രേഖകൾ അവർക്ക് അപ്പോൾ ലഭിച്ചിരുന്നില്ല. അന്ന് പുതിയ നിയമം രൂപപ്പെട്ടു വരുന്നതേ ഉണ്ടായിരുന്നുള്ളു. രണ്ട്, കൊരിന്തിലുള്ള വിശ്വാസികൾ സ്വതന്ത്രമായി ചിന്തിക്കുന്നവരാണെന്ന് കാണിക്കേണ്ടിയിരുന്നു. അവർ പുതിയ ശബ്ദം കേൾക്കുവാനും പുതിയ ആശയങ്ങൾ ആസ്വദിക്കുവാനും തയ്യാറായി. അല്ലെങ്കിൽ, അവർ പൗലൊസിന്റെ സന്ദേശത്തെയോ, മറ്റു മതപരമായ കാര്യങ്ങളെയോ ശ്രദ്ധിക്കുമായിരുന്നില്ല. പൗലൊസിന്റെ സന്ദേശം സ്വീകരിക്കുവാനുള്ള അവരുടെ തുറന്ന മനസു തന്നെയാണ് അവന്റെ ഉപദേശത്തിൽനിന്നു വ്യത്യസ്തമായ ആശയങ്ങളെയും സ്വീകരിക്കുവാനിടയായത്. മൂന്ന്, തങ്ങൾക്കു ചുറ്റുമുള്ളവരെ ഏതു ഉപദേഷ്ടാക്കന്മാർക്കും പഠിപ്പിക്കാവുന്ന പട്ടണമായിരുന്നു കൊരിന്ത്. അക്കാലത്ത് നിലനിന്നിരുന്ന തത്വങ്ങളെ തദ്ദേശവാസികൾ സ്വീകരിക്കുമായിരുന്നു. ഉപദേഷ്ടാക്കന്മാരോടുള്ള വിശ്വാസവും ഊഷ്മളമായ ബന്ധവും നിലനിന്നിരുന്നു. അവർക്കിടയിലെ പക്ഷം ചേരലിൽ പൗലൊസിന് അതിശയമുണ്ടായില്ലെങ്കിലും, അതിനെ പൗലൊസ് നിരുൽസാഹപ്പെടുത്തുകയായിരുന്നു.

### "സഹോദരന്മാരേ, ഐക്യത നിലനിർത്തുക" (1:10)

**[10]സഹോദരന്മാരേ, നിങ്ങളെല്ലാവരും ഒന്നുതന്നെ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ എക മനസിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണമെന്ന് ഞാൻ നിങ്ങളെ നമ്മുടെ കർത്താവായ യേശുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു.**

**വാക്യം 10.** 1:10-ൽ ഐക്യതക്കുള്ള ആഹ്വാനം ആരംഭിക്കുന്നത് 1:9-ൽ "കർത്താവായ യേശുവിന്റെ കൂട്ടായ്മയിലേക്ക് എന്നു പറഞ്ഞുകൊണ്ടാണ്". ക്രിസ്തുവിനോടുള്ള കൂട്ടായ്മ ക്രിസ്തുവിനോട് ഒരുമിച്ചുള്ളതാണ്, പക്ഷെ കൊരിന്ത്യയിലെ വിശ്വാസികൾ അതിനെ മറികടന്നു അവർ സ്വന്ത താൽപര്യപ്രകാരം ചലിക്കുവാൻ തുടങ്ങി. തന്റെ ലേഖനത്തിലെ മറ്റു ഭാഗങ്ങളിലെന്നപോലെ, പൗലൊസ്, ഇവിടെ തന്റെ ആത്മാവിനെ പകരുകയാണ്. ഇത് വേറിട്ട വിദ്യാഭ്യാസപരമായ ഒരു ലേഖനം അല്ല. കൊരിന്ത്യൻ ലേഖനങ്ങളിൽ, മനസലിവ്, സഹതാപം, ദേഷ്യം, നിരാശ എന്നിവ അടങ്ങിയിരിക്കുന്നു. 1 കൊരിന്ത്യ ലേഖനത്തിൽ മാത്രം സഹോദദരന്മാർ എന്ന ബഹുവചനം ഇരുപത്തിയേഴു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. സഭയിലെ സഹോദരവർഗത്തിന് എങ്ങനെ വിട്ടുവീഴ്ച്ച ചെയ്യുവാൻ കഴിഞ്ഞു? പക്ഷമായി, വിഭാഗീ. തയിലാകുവാൻ ക്രിസ്ത്യാനികൾ തയ്യാറായി. അപ്പൊസ്തലൻ സൗമ്യമായി തുടങ്ങി. ഇപ്പോഴത്തെ അവസ്ഥ തുടരരുത് എന്ന് അപ്പൊസ്തലൻ അപേക്ഷിച്ചു. പൊതുവായ മനസിലും, ഹൃദയത്തിലും അവർ ചേർന്നിരിക്കുവാനാണ് അവൻ ആഗ്രഹിച്ചത്. ആ അപേക്ഷ അനവന്റേതു മാത്രമായിരുന്നില്ല, മറിച്ച് **നമ്മുടെ കർത്താവായ യേശുവിന്റെ നാമത്തിലായിരുന്നു.**

വിശ്വാസികൾക്കിടയിലെ ഭിന്നത അവരെ വ്യത്യസ്ത നിലയിൽ ആക്കും. അത് സ്വീകാര്യമായിരുന്നില്ല. കർത്താവിന്റെ ഇടവകയിലെ ചിലർ മറ്റു ഇടവകകളുമായി കൂട്ടായ്മ ആചരിക്കുവാൻ മടിക്കുന്നു. സാഹചര്യങ്ങൾ വ്യത്യസ്ത

മായേക്കാം. ചിലപ്പോൾ, ബൈബിൾ ഉപദേശത്തെ നിഷേധിക്കുന്ന പരിശീലനം സ്വീകരിക്കുന്നതിനാൽ ഭിന്നത രൂപപ്പെട്ടേക്കാം. മറ്റൊരു കൂട്ടായ്മയിൽ പോകുന്നവരിൽ ചില ആശയങ്ങളോ അഭിപ്രായങ്ങളോ അടിച്ചേൽപ്പിക്കുവാൻ ശ്രമിക്കുന്നതിനാലും ഭിന്നത ഭവിച്ചേക്കാം.

ചില ഭിന്നത ഇടവകക്കപ്പുറം പോകുകയില്ല. സഹോദരന്മാരേ, **നിങ്ങളെല്ലാവരും ഏക മനസിലും, ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും** വേണം എന്ന് പൗലൊസ് പറയുമ്പോൾ, കൊരിന്ത്യ സഭയിലെ ആന്തരിക പ്രശ്നമായിരുന്നു പൗലൊസിന്റെ മനസിലുണ്ടായിരുന്നത്. ശഭക്കുള്ളിലെ ഭിന്നത വ്യക്തിപരമെന്നു തോന്നിയേക്കാം, എങ്കിലും, അത് വരുത്തുന്ന നാശം വലിയ ഇടവകയിലുള്ളതിനേക്കാൾ കുറഞ്ഞതായിരിക്കുകയില്ല. അന്യോന്യമുള്ള സ്നേഹം, ബഹുമാനം, ആദരവ് എന്നിവക്ക് പുതിയ നിയമത്തിൽ നീക്കിവെച്ചിരിക്കുന്ന സ്ഥലം ശ്രദ്ധേയമാണ്. ഇടവകയുടെ നിലയിൽ ഐക്യത പുലർത്തി അന്യോന്യം ആതദരവ് പാലിക്കുക എന്നതായിരിക്കാം വിശ്വാസത്തിലുള്ള വലിയ പരീക്ഷണം.

### "നിങ്ങളുടെ ഭിന്നത അടിസ്ഥാനമില്ലാത്തതാണ്" (1:11-16)

**[11]സഹോദരന്മാരേ, നിങ്ങളുടെ ഇടയിൽ പിണക്കം ഉണ്ടെന്ന് ക്ലോവയുടെ ആളുകളാൽ എനിക്ക് അറിവ് കിട്ടിയിരിക്കന്നു. [12]നിങ്ങളിൽ ഓരോരുത്തൻ, ഞാൻ പൗലൊസിന്റെ പക്ഷക്കാരൻ, ഞാൻ അപ്പല്ലോസിന്റെ പക്ഷക്കാരൻ ഞാൻ കേഫാവിന്റെ പക്ഷക്കാരൻ, ഞാൻ ക്രിസ്തുവിന്റെ പക്ഷക്കാരൻ എന്നിങ്ങനെ പറയുന്നുപോൽ. [13]ക്രിസ്തു വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ? പൗലൊസ് നിങ്ങൾക്ക് വേണ്ടി ക്രൂശിക്കപ്പെട്ടുവോ? അല്ല, പൗലൊസിന്റെ നാമത്തിൽ നിങ്ങൾ സ്നാനം ഏറ്റുവോ? [14]എന്റെ നാമത്തിൽ ഞാൻ സ്നാനം കഴിപ്പിച്ചു എന്ന് ആരും പറയാതവണ്ണം [15]ക്രിസ്പൊസിനെയും ഗായൊസിനേയും ഒഴികെ നിങ്ങളിൽ ആരെയും ഞാൻ സ്നാനം കഴിപ്പിക്കായ്കയാൽ ഞാൻ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു. [16]സ്തെഫാനൊസിന്റെ ഭവനക്കാരെയും ഞാൻ സ്നാനം കഴിപ്പിച്ചു. അതല്ലാതെ മറ്റു വല്ലവരെയും സ്നാനം കഴിപ്പിച്ചുവോ എന്നു ഓർക്കുന്നില്ല.**

**വാക്യം 11.** എഫെസൊസിലും കൊരിന്തിലും വ്യാപാരം ചെയ്തവളായിരുന്നു ക്ലോവയും ആളുകളും എന്ന് വേഗത്തിൽ ചിന്തിച്ചുപോയേക്കാം. പേർ സ്ത്രിയുടേതാണ്, പക്ഷെ അവൾ ക്രിസ്ത്യാനി ആയിരുന്നുവോ എന്ന് തീർച്ചയില്ല. കെജെവിയിൽ തർജിമ ചെയ്തിരിക്കുന്ന "ക്ലോവയുടെ ഭവനം" എന്നത് തെറ്റിദ്ധരിപ്പിക്കുന്നതാണ്, കാരണം ഗ്രീക്കിൽ ക്ലോവയുമായി ബന്ധമുള്ള ആളുകൾ എന്നാണുള്ളത്. ക്ലോവയുടെ വീട്ടുകാരോ, പ്രതിനിധാനം ചെയ്യുന്നവരോ പല രീതിയിൽ പൗലൊസിനെ കണ്ടിരിക്കുവാൻ സാധ്യതയുണ്ട്. ക്ലോവ തന്നെ എഫെസൊസ് നിവാസിയോ അല്ലെങ്കിൽ കൊരിന്ത് നിവാസിയോ ആയിരുന്നേക്കാം. അവൾ എവിടത്തുകാരി ആയിരുന്നാലും, ക്ലോവയുടെ ആളുകളിൽനിന്നാണ് കൊരിന്തിലുള്ള ക്രിസ്തീയ സമൂഹത്തിലെ അംഗങ്ങൾക്ക് [ഇടയിൽ] പിണക്കവും ഭിന്നതയും പൗലൊസിന് അറിവ് കിട്ടിയത്. അത് കലക്കുന്ന പുരോഗമനമായിരുന്നു.

**വാക്യം 12.** ഈ വാക്യത്തിലെ പ്രയോഗങ്ങളെ നാം വലിയ ശ്രദ്ധ

ചെലുത്തി വിലയിരുത്തണം. അവയുടെ വ്യാഖ്യാനം ഒന്നു കൊരിന്ത്യർക്കെ ഴുതിയ പുസ്തകത്തിലെ മുന്നദ്ധ്യായങ്ങളെ മനസിലാക്കുന്നതിൽ സ്വാധീനി ക്കുക തന്നെചെയ്യും കൊരിന്തിൽ ഭിന്നിപ്പിക്കുന്ന ആത്മാവിന്റെ പ്രവൃത്തിയെ പൗലൊസ് വരച്ചു കാണിച്ചിരിക്കുകയാണെന്ന് ചിലർ പറയുന്നു. എങ്ങനെ യായാലും, 3 ഉം 4 ഉം അദ്ധ്യായങ്ങളിൽ അപ്പോസ്തലൻ നൽകുന്ന വിവരം അനുസരിച്ച് ഉപദേഷ്ടാക്കളായിരുന്ന ഓരോരുത്തരുടെ നാമങ്ങളിലായിരുന്നു പക്ഷം ചേർന്നിരുന്നത്. "ഞാൻ പൗലൊസിന്റെ പക്ഷക്കാരൻ," "[ഞാൻ] അപ്പ ല്ലോസിന്റെ പക്ഷക്കാരൻ" എന്നിങ്ങനെ പോകുന്നു അവരുടെ മുദ്രാവാക്യ ങ്ങൾ, എന്നാൽ അവർ പക്ഷം ചേർന്നതു ഉപദേശത്തിന്റെ പേരിലായിരുന്നു എന്നതിന് സൂചന ഒന്നുമില്ല. വിഭാഗിയത വളർത്തുന്ന പ്രവൃത്തിയായിരുന്നു കൊരിന്ത്യരുടേത്.

പൗലൊസും അപ്പല്ലോസും കൊരിന്തിൽ ചെന്നിരുന്നതായി വായന ക്കാർക്ക് അറിയാം, പക്ഷെ പത്രൊസ്[4] അവിടെ ചെന്നിരുന്നോ എന്നത് വ്യക്ത മല്ല. അവസാനമായി പത്രൊസിനെ കുറിച്ച് പ്രവൃത്തികളുടെ പുസ്തകത്തിൽ പറയുന്നത് അറിയ - പ്പെടുന്ന യെരുശലേം സമ്മേളനത്തിലാണ് (പ്രവൃ. 15:7). യെരുശലേം സമ്മേളനത്തിനു ശേഷം ഒരുപക്ഷെ അവൻ കൊരിന്തിൽ പോയി കുറെ നാൾ താമസിച്ചിരിക്കാം. അന്ന് യെരുശലേം സഭയിൽനിന്ന് ലേഖനങ്ങളു മായി സഞ്ചരിച്ചവരിൽ ചിലർ കൊരിന്തിൽ എത്തി (2 കൊ. 3:1) പത്രൊസിന്റെ നാമം എടുത്ത് സംസാരിച്ചിരിക്കാം. പ്രവൃത്തികൾ 15:1 ഉം ഗലാത്യർ 2:11, 12 ഉം ചേർത്ത് വായിച്ചാൽ, പൗലൊസിന്റെ പ്രവൃത്തികളെ താഴ്ത്തിക്കാണിക്കു വാൻ ശ്രമിച്ചിരുന്നു. കൂടാതെ, 1 കൊരിന്ത്യർ എഴുതി രണ്ട് വർഷത്തിനുള്ളിൽ, ജാതികളിൽനിന്നു പരിവർത്തനം ചെയ്തവരിൽ മോശെയുടെ ന്യായപ്രമാണം അടിച്ചേൽപിക്കുവാൻ സഭയിലെ ചില പക്ഷക്കാർ ഒരുങ്ങി (2 കൊ. 3:4–11). പ ത്രൊസിന്റെ അറിവ് കൂടാതെ തന്നെ ഏതാനും പേർ പത്രൊസിന്റെ പേരിൽ സംഘം ചേർന്നു.

പത്രൊസിന്റെ കാര്യം എന്തായിരുന്നാലും, ക്രിസ്തു ആ പട്ടണത്തിൽ ചെന്നിരന്നില്ല. ക്രിസ്തുവിന്റെ പക്ഷക്കാർ എങ്ങനെയായിരിക്കുമെന്ന് ഒരാൾക്ക് ഊഹിക്കുവാൻ മാത്രമെ കഴിയു. അവരെല്ലാവരും ക്രിസ്തുവിനു ള്ളവർ ആയിരുന്നില്ലേ? ഭിന്നതയെ കുറിച്ച് പൗലൊസ് പിന്നീട് 3:4–9–ൽ പ റഞ്ഞപ്പോൾ, അപ്പൊസ്തലൻ തന്റെയും അപ്പല്ലോസിന്റെയും പേർ മാത്രമെ പറഞ്ഞുള്ളു. 3:22–ൽ, കേഫാവിന്റെ കൂട്ടി ചേർത്തിരിക്കുന്നതായി കാണാം. അവിടെ ഭിന്നത മാത്രമായിരുന്നില്ല പ്രശ്നം. കൊരിന്ത്യർക്കിടയിലെ മുഖ്യ പ്ര വർത്തകർ പൗലൊസും അപ്പല്ലോസും ആയിരുന്നു, അവരിൽ ഉണ്ടായിരുന്ന ഗുണങ്ങൾ തീർച്ചയായും വ്യത്യസ്തമായിരുന്നു. അതിൽ ചില ഗുണങ്ങൾ ഒരു കൂട്ടർക്ക് ഇഷ്ടമായി, മറ്റു ചിലർക്ക് അപ്പല്ലോസിന്റെ ഗുണങ്ങൾ കൂടു തൽ താൽപര്യം ജനിപ്പിച്ചു, അതിനാൽ ഓരോ നായകന്മാരുടെ പേരെടുത്ത് അവരുടെ പേരോടുകൂടി അറിയപ്പെടുവാൻ തുടങ്ങി.

തത്വശാസ്ത്രപരമായ വ്യത്യാസം കാരണം ഭിന്നത സംഭവിക്കാം. പിന്നീട് ഒരു കൂട്ടം ആളുകൾ പൗലൊസിനെയും മറ്റൊരു കൂട്ടം അപ്പല്ലോസിനെയും സ്വീകരിച്ചിരിക്കാം. മറ്റു പേരുകളും ചേർത്ത് പൗലൊസ് അവരുടെ അബ ദ്ധത്തെ എടുത്തു കാണിക്കുന്നു. "നമുക്ക് പത്രൊസിന്റെ പക്ഷക്കാർ" എന്നു പറയാമെന്ന് ചിലരും, വേറെ ചിലർ "ക്രിസ്തുവിന്റെ പക്ഷക്കാർ" എന്നും പറഞ്ഞിരിക്കാം. അവരുടെ തത്വശാസ്ത്രപരമായ ഉപദേശങ്ങളിൽ കൂടുതൽ

ഇഷ്ടപ്പെട്ടതും അനുകൂലവുമായതുമായ പൗലൊസിനേയും, അപ്പല്ലോസിനേയും അവർ ഓരോ പക്ഷമാക്കി. പത്രൊസിനോടും ക്രരിസ്തുവിനോടും അടുപ്പമുണ്ടായിരുന്നവർ പക്ഷം ചേർന്നപ്പോൾ, ഗലാതൃസഭകളിലുള്ളവർ പൗലൊസിന്റെ പിന്നിൽ അണി നിരന്നിരിക്കാം (ഗലാ. 5:3–6). ക്രിസ്തുവിന്റ പേരിൽ ഒരു സംഘമുണ്ടായിരുന്നുവെങ്കിൽ, അവർ തീർച്ചയായും, കർത്താവിനോടുകുടെയുള്ളവർ എന്ന നിലയിൽ മറ്റുള്ളവരേക്കാൾ ഉയർന്നവരായി ചിന്തിച്ചിരിക്കാം.

പക്ഷം ചേർന്നവർ വ്യത്യസ്തമായി ഉപദേശിച്ചുവെന്ന സൂചന പൗലൊസ് നൽകുന്നില്ല. പുരാതന ലോകത്തിൽ, വ്യക്തികളോടുള്ള ബന്ധം എല്ലാമായിരുന്നു; തത്വങ്ങളോടുള്ള അടുപ്പം പലപ്പോഴും അന്യമായിരന്നു. പൗലൊസും, അപ്പല്ലോസും, പത്രൊസും, വ്യത്യസ്ത മേഖലകളിൽ അവർ ഊന്നൽ കൊ. ടുത്തിരുന്നുവെങ്കിലും, ആ കാര്യത്തിൽ, കേന്ദ്രീകൃതമായ പൊതു വിശ്വാസത്തിലായിരുന്നു. അപ്പല്ലോസ്, വിദ്യാഭ്യാസമുള്ളവനും വാഗ്മിയുമായിരുന്നു എന്ന് പ്രവൃത്തികളുടെ പുസ്തകം വ്യക്തമാക്കുന്നു. ലോക ജ്ഞാനത്തിന് വില കണക്കാക്കിയിരുന്നവർക്കിടയിൽ അത്തരം വ്യക്തികളോടു ചേരുവാനും അവരെ ബഹുമാനിക്കുവാനും മുന്നോട്ടു വരും. കുറെ കഴിയുമ്പോൾ, തങ്ങൾ മറ്റുള്ളവരേക്കാൾ ശ്രേഷ്ഠരാണെന്ന് ചിന്തിക്കുവാനും സാധ്യതയുണ്ട്.

**വാക്യം 13.** അപ്പൊസ്തലൻ കാര്യങ്ങളെ നിഷ്പ്പക്ഷമായി തുടങ്ങിയിട്ട് ഇപ്പോൾ പ്രകോപ്പിക്കുന്ന വിധത്തിലേക്ക് നീങ്ങുകയാണ്. "**ക്രിസ്തു വിഭാഗിക്കപ്പെട്ടുവോ**" എന്നുള്ള ചോദ്യങ്ങളുമായി അവൻ ആരംഭിക്കുന്നു. ഒരു വ്യക്തിക്ക് ക്രിസ്തുവിനെ ഭാഗിച്ചു മാറ്റുവാൻ കഴിയുമോ? അപ്പോസ്തലന് ക്രിസ്തതുവിന്റെ ശരീരത്തെ വിഭജിക്കുക എന്നത് ക്രിസ്തുവിനെ തന്നെ വിഭാഗിക്കുന്നതുപോലെയാണ്. സഭ എന്നത് ക്രിസ്തുവിന്റെ ശരീരമാണ് (എഫെ. 1:22, 23). ഗ്രീക്ക് പൂർണ്ണത (μεμέρισται, *മെനേറിസ്സായി*), "**ക്രിസ്തു വിഭജിക്കപ്പെട്ടുവോ?**" (എൻഐവി).

"പൗലൊസോ, അപ്പല്ലോസോ നിങ്ങൾക്ക് വേണ്ടി ക്രൂശിക്കപ്പെട്ടുവോ?" എന്നു പൗലൊസ് ചോദിച്ചിരിക്കാം. മറ്റുള്ളവർ അവർക്കു വേണ്ടി സംസാരിക്കട്ടെ. തന്റെ പേർ വ്യക്തമാക്കി അവൻ ചോദിക്കുകയാണ്, **പൗലൊസ് നിങ്ങൾക്ക് വേണ്ടി ക്രൂശിക്കപ്പെട്ടുവോ?** താൻ കർത്തതാവാണെന്ന ആശ കാട്ടിക്കൊടുക്കുന്ന ഞെട്ടിപ്പിക്കുന്ന ഒന്നായി പൗലൊസ് അതിനെ മനസിലാക്കിയിരിക്കണം.

പൊലൊസിന്റെ മൂന്നാമത്തെ ചോദ്യം — അല്ലെങ്കിൽ, നിങ്ങൾ പൗലൊസിന്റെ നാമത്തിൽ സ്നാനം ഏറ്റുവോ? — പ്രത്യേകിച്ച് താൽപര്യം ജനിപ്പിക്കുന്ന ഒന്നാണ് അത്. സ്നാനപ്പെട്ടവരും, ക്രിസ്തുവിൽ ആയവരോടുമായിരുന്നു ആ ചോദ്യം. സ്നാനം ഏൽക്കാതെ ഒരാൾ ക്രിസ്ത്യാനിയാകുമോ എന്നതായിരുന്നു ആ ചോദ്യത്തിൽ അന്തർലീനമായിരുന്നത് (റോമ. 6:3, 4 നോക്കുക). "പൗലൊസ് നിങ്ങൾക്ക് വേണ്ടി ക്രൂശിക്കപ്പെട്ടുവോ?" എന്നു പൗലൊസ് ചോദിച്ചപ്പോൾ, .പൗലൊസ് അല്ല, ക്രിസ്തുവാണ് അവർക്ക് വേണ്ടി ക്രൂശിക്കപ്പെടട്ടത് എന്നു വ്യക്തമാക്കുകയായിരുന്നു. അവരുടെ സ്നാനത്തെ ഉണർത്തുന്ന ചോദ്യമായിരുന്നു പിന്നെ ചോദിച്ചത്. ക്രൂശിന്റെ പ്രവൃത്തികളുടെ ഫലം അവർ ആസ്വദിച്ചിരുന്നു എന്നതിനെ സാക്ഷീകരിക്കുന്നതായിരുന്നു അവരുടെ സ്നാനം (കൊലൊ. 2:12).

**വാക്യം 14.** തന്റെ നാമത്തിൽ സ്നാനപ്പെട്ടു എന്ന് ആരെങ്കിലും പറ

യുവാനായി പൗലൊസ് ആരെയും സ്നാനപ്പെടുത്തിയിരുന്നില്ല. എന്നിട്ടും, അപ്പൊസ്തലൻ ഇഛിക്കാത്ത വിധം അവർ അവന്റെ പേരിൽ പക്ഷം ചേർന്നു. കുറച്ചു പേരെ അവൻ സ്നാനപ്പെടുത്തിയിരുന്നുവെങ്കിലും, അവന്റെ നാമത്തിൽ പൗലൊസ് ആരെയും സ്നാനപ്പെടുത്തിയിരുന്നില്ല. അത്തരം ചിന്ത പൗലൊസിനെ വിസ്മയിപ്പിക്കുന്നതായിരുന്നു.

ആ സന്ദർഭത്തിൽ, താൻ വ്യക്തിപരമായി സ്നാനപ്പെടുത്തിയതായി ഓർക്കുവാൻ കഴിഞ്ഞത് കുറെ പേർ മാത്രമായിരുന്നു. ക്രിസ്പോസും ഗായോസും. എന്തിനാണ് പൗലൊസ് ആ രണ്ട് പേരെ സ്നാനപ്പെടുത്തിയത് എന്നു നമുക്ക് ഊഹിക്കുവാൻ മാത്രമെ കഴിയു. അവർ ഇരുവരും, പ്രമുഖരും ധനികരും ആയിരുന്നു എന്നു തോന്നുന്നു. പിന്നീട് കൊരിന്തിൽനിന്ന് പൗലൊസ് റോമർക്ക് ലേഖനം എഴുതി അയക്കുമ്പോൾ, തനിക്കും കൊരിന്തിലെ സർവ്വ സഭെക്കും ഗായൊസ് അതിഥി സൽക്കാരം ചെയ്തിരുന്നു എന്നു പറയുന്നു (റോമ. 16:23). സ്പഷ്ടമായും, ഗായൊസിന് വലിയൊരു വീട് ഉണ്ടായിരുന്നു ക്രിസ്പോസ്, അവന്റെ പരിവർത്തനത്തിന് മുൻപ് കൊരിന്തിലുള്ള യെഹൂദ പള്ളിപ്രമാണി ആയിരുന്നു (പ്രവൃ. 18:8). അവരുടെ ഉയർന്ന സാമൂഹ്യ നിലവാരം നിമിത്തമായിരിക്കാം പൗലൊസ് അവരെ സ്നാനപ്പെടുത്തിയത്. അവരുടെ സ്നാനം സഭക്ക് പ്രത്യേകതയുള്ളതായിരുന്നേക്കാം. ജെഹ്ഡ് തെയിസൻ നിരീക്ഷിച്ചത്, “ചിലർ സമൂഹത്തിൽ പ്രാമുഖ്യമുള്ളവരും, സ്വാധീനമുള്ളവരുമാകയാൽ പൗലൊസ് അവരെ നേരിട്ടു സ്നാനപ്പെടുത്തുകയായിരുന്നു എന്നു തോന്നുന്നു.”[5] ഭിന്നതക്ക് സമൂഹത്തിലെ ഉയർന്ന നിലവാരമുള്ളവരും താഴ്ന്ന നിലവാരത്തിലുള്ളവരും തമ്മിലുള്ള സംഘർഷം ആയിരുന്നേക്കാം. (1 കൊ. 11:20–22).

**വാക്യം 15.** സഭയിൽ തന്നെ വിമർശിക്കുന്നവരുണ്ടായിരിക്കയാലാകാം പൗലൊസ് പ്രതിരോധത്തിന് മുതിർന്നത്. ആരെങ്കിലും തന്റെ നാമത്തിൽ സ്നാനം ഏറ്റു എന്നു അവകാശപ്പെട്ടിരുന്നാൽ പോലും, അത് തന്റെ അറിവോ സമ്മതോ കൂടാതെയായിരുന്നു എന്ന് അവൻ അവരെ മനസിലാക്കി കൊടുപ്പാൻ ആഗ്രഹിച്ചു. [തന്റെ] **നാമത്തിൽ സ്നാനം** ഏറ്റു എന്നു പറയുവാൻ തക്കവണ്ണം കൊരിന്തിലുള്ള ഒരു ക്രിസ്ത്യാനിയെയും പൗലൊസ് സ്നാനപ്പെടുത്തിയിരുന്നില്ല.

**വാക്യം 16.** തന്റെ കൈകൾ കൊണ്ട് സ്നാനപ്പെടുത്തിയത് ഗായൊസിനേയും ക്രരിസ്പോസിനേയും ആണെന്ന സത്യത്തിലേക്ക് അപ്പൊസ്തലൻ വായനക്കാരെ തിരിച്ചു വരുത്തുകയാണ്. **സ്തെഫാനൊസിനേയും കുടുംത്തെയും** അവൻ സ്നാനപ്പെടുത്തിയതായും ഓർമ്മിച്ചു, ആ ക്രരിസ്ത്യാനിയെ കുറിച്ച് റോമാ ലേഖനം 16–ൽ അല്ലെങ്കിൽ പ്രവൃത്തികളുടെ പുസ്തകത്തിൽ പറയുന്നു. ഇവിടെയും പ്രവൃത്തികൾ 16:15, 34 ലും കാണുന്ന “ഭവനക്കാർ” എന്നു പറഞ്ഞിരിക്കുന്നതിനാൽ, സ്നാനപ്പെട്ടവരിൽ പ്രായപൂർത്തിയായവരിൽ ശിശുക്കളും ഉൾപ്പെടുന്നു എന്നു ധരിക്കരുത്. ആർക്കാണ് സ്നാനം ആവശ്യമെന്ന തീർപ്പിലെത്തുവാൻ മറ്റു അടിസ്ഥാന വേദഭാഗങ്ങൾ കൂടെ കണക്കിലെടുക്കണം, അല്ലാതെ “ഭവനക്കാർ” എന്ന അടിസ്ഥാനത്തിലാകരുത്.

ഗായൊസിനേയും ക്രിസ്പോസിനേയും പോലെ സ്തെഫാനൊസും കൊരിന്ത്യസഭയിൽ ഒരു പ്രമുഖ വ്യക്തിയായിരുന്നു. കൊരിന്തിലെ ആദ്യ ഫലമാണ് സ്തെഫാനൊസ് എന്നും നേതൃത്വത്തിന് അങ്ങനെയുള്ളവരെ നോക്കണം എന്നും പൗലൊസ് പിന്നീട് കൊരിന്ത്യരെ പറഞ്ഞിരിക്കുന്നു (16:15,

16). കൊരിന്ത്യയിൽ നിന്നു ലേഖനവുമായി സ്തെഫാനൊസും മറ്റുള്ളവരും എഫെസൊസിലേക്ക് പോയി എന്നു തോന്നുന്നു (7:1; 16:17). അവനോടുകൂടെ യാത്ര ചെയ്ത രണ്ട് പേർക്ക് പൊതുവിൽ ദാസന്മാർക്കുള്ള പേരുകളാണ് ഉള്ളത്. "ഫൊർത്തുനാതോസ്" എന്ന പേരിന്റെ അർത്ഥം, "ഭാഗ്യമുള്ള" എന്നാണ്; "അഖായിക്കൊസ്" എന്നത് "ജാതി വിഷയമായ" ഒന്നാണ്, അവൻ അഖായക്കാരനായിരുന്നു എന്ന് പേർ തെളിയിക്കുന്നു. റോമൻ പ്രവിശ്യയായിരുന്ന അഖായയുടെ റോമൻ സർക്കാരിന്റെ ആസ്ഥാനമായിരുന്നു കൊരിന്ത്. പൗലൊസുമായി ആലോചിക്കുവാൻ കൊരിന്തിൽനിന്ന് സ്തെഫാനോസ് എഫെസോസിലേക്ക് പോയപ്പോൾ, അവൻ രണ്ട് ദാസന്മാരെ കൂടെ കൂട്ടിയിരിക്കാം. ആ കാലത്ത് യാത്ര സാഹസികമായിരുന്നു. ഒരാൾ തനിയെ പോകുന്നതിനേക്കാൾ മൂന്നു പേർ ചേർന്നു പോകുന്നത് സുരക്ഷിതമായിരുന്നു.

സ്തെഫാനൊസിനേയും ഭവനക്കാരെയും സ്നാനപ്പെടുത്തിയത് ഓർക്കുന്നു എന്നു പറഞ്ഞ ശേഷം പൗലൊസ്, അവരുടെ സന്തോഷത്തിനായി മറ്റാരെയും സ്നാനപ്പെടുത്തിയയതായി താൻ ഓർക്കുന്നില്ല എന്നും പറഞ്ഞു. **വേറെ ആരെയെങ്കിലും സ്നാനപ്പെടുത്തിയോ എന്ന് എനിക്ക് ഓർമ്മയില്ല** എന്നാണ് അവൻ വ്യക്തമാക്കിയത്. പൗലൊസിന് അവരെ വഞ്ചിക്കുവാൻ താൽപര്യമില്ലായിരുന്നു. മറ്റാരെയെങ്കിലും അവൻ സ്നാനപ്പെടുത്തിയിട്ടുണ്ടെങ്കിൽ തന്നെ അത് പറയാതിരുന്നത് ഓർമ്മക്കുറവു നിമിത്തമാണ്. കേട്ടെഴുതുന്നതിനേക്കാൾ വ്യത്യാസം ദൈവശ്വാസിയതക്ക് ഉണ്ട്. എത്ര പേരെ പൗലൊസ് സ്നാനപ്പെടുത്തി എന്നും എത്ര പേരെ സ്നാനപ്പപെടുത്തിയില്ല എന്നും പരിശുദ്ധാത്മാവിന് അറിയാമായിരന്നു.

### "ശ്രദ്ധ ക്രിസ്തുവിന്റെ ക്രുശിൽ ആണ്" (1:17)

**[17]സ്നാനം കഴിപ്പിപ്പാനല്ല, സുവിശേഷം അറിയിപ്പാനത്രെ ക്രിസ്തു എന്നെ അയച്ചത്. ക്രിസ്തുവിന്റെ ക്രൂശ് വ്യർത്ഥമാകാതിരിക്കേണ്ടതിന് വാക്ചാതുര്യത്തോടെ അല്ലതാനും.**

**വാക്യം 17.** കർത്താവ് പൗലൊസിനെ അയച്ചത് സുവിശേഷം അറിയിപ്പാനായതുകൊണ്ടാണ് അവൻ കുറച്ചുപേരെ മാത്രം സ്നാനം കഴിപ്പിച്ചത്. പൗലൊസ് പ്രസംഗിച്ച രീതിയും സന്ദേശവും കർത്താവിന്റെ വെളിപ്പാട് അനുസരിച്ചായിരുന്നു. ഒരു അപ്പൊസ്തലന് കർത്താവ് കൊടുത്ത അധികാരപ്രകാരമായിരുന്നു പൗലൊസ് കൊരിന്ത്യരോട് സംസാരിച്ചത്. ശാരീരികമായി ക്രിസ്തുവിനെ ഏറ്റു പറയുന്നതാണ് സ്നാനം; സ്നാനപ്പെടുത്തുക എന്നത് മറ്റൊരു കാര്യമാണ്. ഒരാൾ പാപമോചനത്തിനായി സ്നാനം ഏൽക്കുമ്പോൾ ദൈവം ചെയ്യുന്നതാണ് പ്രാധാന്യമുള്ളത്. സ്നാനം എന്നത് തിരഞ്ഞെടുക്കാവുന്ന ഒന്നാണെന്ന് അപ്പൊസ്തലന്മാരുടെ ഉപദേശത്തിൽ സൂചനയില്ല. വെള്ളത്തിൽ അടക്കപ്പെട്ട് ക്രിസ്തുവിനോടുകൂടെ ഉയർത്തെഴുന്നേൽക്കലാണ് സ്നാനം (റോമ. 6:4; കൊലൊ. 2:12). ശുദ്ധീകരണശക്തിയുള്ള കുഞ്ഞാടിന്റെ രക്തത്തിലുള്ള വിശ്വാസപ്രകാരം ഒരാൾ സ്നാനപ്പെടുമ്പോൾ, പാപം കഴുകി ശുദ്ധീകരിക്കപ്പെടുകയാണ് (1 കൊ. 6:11).

**ക്രിസ്തുവിന്റെ ക്രൂശിനെ** തള്ളിക്കളയുന്ന ജ്ഞാനത്തിൽനിന്നു വ്യത്യ

സ്തമാണ് തന്റെ പ്രസംഗം എന്ന് പൗലൊസ് പറഞ്ഞു. ആചാരപരമായി ജ്ഞാനത്തെ നിർവ്വചിക്കുന്നതായിരുന്നു കൊരിന്ത്യ സഭയിലെ ഭിന്നത എന്ന് അവൻ വ്യക്തമാക്കി. കൊരിന്തിലെയോ മറ്റു ഗ്രീക്ക് പട്ടണങ്ങളിലോ ഉള്ള സഞ്ചരിക്കുന്ന സുവിശേഷകന്മാരുടേതുപോലെയായിരുന്നില്ല അപ്പൊസ്തലന്റെ പ്രസംഗം. പാണ്ഡിത്യം കൊണ്ടോ അല്ലെങ്കിൽ വാക് ചാതുര്യം കൊണ്ടോ ആളുകളെ സ്വാധീനിക്കുവാൻ അവൻ ശ്രമിച്ചില്ല. അവന്റെ സന്ദേശം ദൈവികമായിരുന്നു. മനുഷ്യപരിശ്രമത്തിൽ ആശ്രയിക്കുന്നത് ക്രിസ്തുവിന്റെ ക്രൂശിനെ അസാധുവാക്കുന്നു. പ്രസംഗത്തിൽ മാത്രമായിരുന്നില്ല, പ്രസംഗ രീതിയിലും അവൻ ക്രിസ്തുവിനെ പ്രസാദിപ്പിക്കുകയായിരുന്നു ചെയ്തത്.

കൊരിന്ത്യർ ക്രിസ്തുവിൽ സകല വചനത്തിലും സമ്പന്നരായി തീർന്നു എന്നു പൗലൊസ് പറഞ്ഞിരുന്നു (1:5); പക്ഷെ ചില വിശ്വാസികൾ കൂടുതൽ ആഗ്രഹിച്ചു. ഗ്രീക്ക് – റോമാ ലോകത്തിലെ പാണ്ഡിത്യമോ, തത്വശാസ്ത്രമോ, അല്ലെങ്കിൽ പ്രസംഗ വിദ്യയോ ഒന്നും കൊരിന്തിൽ അവൻ ഉപയോഗിച്ചില്ല (3:18–20). അപ്പൊസ്തലന് അക്കാലത്തെ പ്രസംഗ വിദ്യ അറിയാമായിരുന്നു എങ്കിലും അവൻ [വന്നത്], വാക് ചാതുര്യത്തോടെ ആയിരുന്നില്ല. .ആ രീതിയിലുള്ള ഫലം പ്രതീക്ഷിച്ചല്ല അവൻ അവരോട് സംസാരിച്ചതും ലേഖനം എഴുതിയതും. സഭ വാസ്തവത്തിൽ, എന്താണോ അതു കാണിക്കുവാനല്ലാതെ, പൊതുവായി സഭയുടെ പ്രതിഛായ സമൂഹത്തിൽ ഉയർത്തുകയായിരുന്നില്ല അവന്റെ ലക്ഷ്യം. "ക്രിസ്തുവിന്റെ ക്രൂശ്" പോലെ പ്രാധാന്യമുള്ളതായിരുന്നില്ല അപ്പൊസ്തലന് തന്റെ പ്രതിഛായ. ബുദ്ധി വൈഭവം എന്നു പറയുന്നത് പൗലൊസിന്, ക്രിസ്തുവിന്റെ ക്രൂശിലെ ദൈവകൃപയെ വൃഥാവാക്കുന്നതായിരുന്നു.

## ദൈവത്തിന്റെ ജ്ഞാനം
## (1:18-31)

നവീനമായ പരിഷ്ക്കാരങ്ങൾ വശത്താക്കുക, ബുദ്ധിവൈഭവത്തോടു കൂടിയ പ്രസംഗങ്ങൾ സീകരിക്കുക എന്ന മതപരമായ പ്രവണതയായിരുന്നു കൊരിന്തിലും ഗ്രീക്ക് ലോകത്തും നിലനിന്നിരുന്നത്. അത്തരം നാട്യഭാവത്തിലുള്ള യാതൊന്നും പൗലൊസിന്റെ വാക്കുകളിൽ ഇല്ലായിരുന്നു. കൊരിന്തിലെ ചില ക്രിസ്ത്യാനികൾ തങ്ങളുടെ വിഭാഗീയ ആത്മാവിനാൽ, ദൃഢവിശ്വാസവും, മുൻഗണനയും വെച്ച് മറ്റു അംഗങ്ങളെ കീഴ്പ്പെടുത്തുവാൻ നോക്കി. സഭ ലോകത്തിന്റെ നിലവാരമുള്ള ശക്തിയിലേക്കും സ്വാധീനത്തിലേക്കും തിരിഞ്ഞു. യേശു ക്രിസ്തു ആണെന്ന് ഏറ്റു പറയുന്ന സമൂഹത്തിൽ, അത്തരം ജ്ഞാനത്തിനോ ശക്തിക്കോ സ്ഥാനമില്ല എന്ന് പൗലൊസ് തന്റെ വായനക്കാരെ ഓർമ്മിപ്പിച്ചു. അവർ സേവിച്ച ക്രിസ്തു ക്രൂശിക്കപ്പെട്ടിരുന്നു. ലോകം നിന്ദിക്കുന്ന വസ്തുക്കളെയാണ് ദൈവം തിരഞ്ഞെടുത്തത്. കൊരിന്തിലെ ക്രിസ്ത്യാനികളുടേത് സ്വഭാവ പ്രശ്നമായിരുന്നു; ക്രിസ്തുവിന്റെ ആത്മാവ് അവരിൽ നിലനിൽക്കേണ്ടതിന് അവരുടെ സ്വഭാവത്തിന് മാറ്റം വരുത്തണമായിരുന്നു. രക്ഷിക്കപ്പെട്ട നമുക്കോ അത് ദൈവശക്തിയാകുന്നു.

### ക്രൂശിന്റെ സന്ദേശം "ഭോഷത്വമാകുന്നു" (1:18-25)

**18ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്ക് ഭോഷത്വവും രക്ഷിക്കപ്പെ**

**ടുന്ന നമുക്കോ ദൈവശക്തിയുമാകുന്നു.**

**[19]"ജ്ഞാനികളുടെ ജ്ഞാനം ഞാൻ നശിപ്പിക്കയും ബുദ്ധിമാന്മാരുടെ ബുദ്ധി ദുർബ്ബലമാക്കുകയും ചെയ്യും" എന്നു എഴുതിയിരിക്കുന്നുവല്ലൊ.**

**[20]ജ്ഞാനി എവിടെ? ശാസ്ത്രി എവിടെ. ലോകത്തിന്റെ ജ്ഞാനം ദൈവം ഭോഷത്വമാക്കിയില്ലയോ? [21]ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ജ്ഞാനത്തിൽ ദൈവത്തെ അറിയായ്ക കൊണ്ട് വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിന് പ്രസാദം തോന്നി. [22]യെഹൂദന്മാർ അടയാളം ചോദിക്കയും യവനന്മാർ ജ്ഞാനം അന്വേഷിക്കയും ചെയ്യുന്നു. [23]ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രരിസ്തുവിനെ പ്രസംഗിക്കുന്നു. യെഹൂദന്മാർക്ക് ഇടർച്ചയും [24]ജാതികൾക്ക് ഭോഷത്വവുമെങ്കിലും, യെഹൂദന്മാരാകട്ടെ, യവനന്മാരാകട്ടെ വിളിക്കപ്പെട്ട ഏവർക്കും ദൈവജ്ഞാനവും ദൈവശക്തിയുമായ ക്രിസ്തുവിനെ തന്നെ. [25]ദൈവത്തിന്റെ ഭോഷത്വം മനുഷ്യരേക്കാൾ ജ്ഞാനമേറിയതും, ദൈവത്തിന്റെ ബലഹീനത മനുഷ്യരേക്കാൾ ബലമേറിയതും ആകുന്നു.**

**വാക്യം 18.** ആളുകളെ പൗലൊസ് രണ്ടായി തരം തിരിച്ചിരിക്കുന്നു: രക്ഷിക്കപ്പെടുന്നവരും നശിച്ചുപോകുന്നവരും. നടന്നുകൊണ്ടിരുന്ന പ്രവണതയെന്നു കാണിക്കുവാൻ അവൻ വർത്തമാനകാലമാണ് ഉപയോഗിച്ചിരിക്കുന്നത്. അവൻ വേർതിരിച്ച് കാണിക്കുന്നത്, നഷ്ടപ്പെട്ടവരും രക്ഷിക്കപ്പെട്ടവരും തമ്മിലായിരുന്നില്ല, മറിച്ച്, നശിച്ചുപോകുന്നവരും രക്ഷിക്കപ്പെടുന്നവരും തമ്മിൽ ആയിരുന്നു. ക്രിസ്തുവിൽ ആകുക എന്നത് "ഒരിക്കൽ എന്നേക്കുമായുള്ള" ഒന്നായിട്ടല്ല പൗലൊസ് നിർവ്വചിക്കുന്നത്: അത് ലോകത്തിൽ ഒരു നിമിഷം എടുക്കുന്ന തീരുമാനത്തിനു ശേഷം ഏടുക്കുന്ന ഓരോ തീരുമാനത്തിന്റേയും ഫലമാണ് ജീവിതം.

രക്ഷകൻ ക്രുശിൽ മരിക്കുന്നത് "നശിച്ചുപോകുന്നവർക്ക്" **ഭോഷത്വമായിരുന്നു.** ക്രൂശിന്റെ സന്ദേശം മാനുഷ കണ്ണുകൾക്ക് ഇടർച്ചയും ഭോഷത്വവുമായിരുന്നു. ലോകം ജ്ഞാനമായി കാണുന്നത് ഭോഷത്വമാണ്: "ശിക്ഷിക്കപ്പെട്ട ഒരു കുറ്റവാളിക്ക് തത്വവും ബുദ്ധിവൈഭവും, വെറും മാനുഷികമായി മാത്രമെ കാണുവാൻ കഴിയു"[6] ആരംഭത്തിലെ ക്രിസ്തീയ ഏറ്റുപറച്ചിലിന് (15:3) എതിരാണ് നവീനപരിഷ്ക്കാര പഠനം.

ദൈവശക്തി തെളിയിക്കുന്ന ക്രൂശിലെ വിശ്വാസമാണ് "രക്ഷിക്കപ്പെടുന്ന നമുക്കോ" എന്ന പ്രയോഗം സൂചിപ്പിക്കുന്നത്. ഭൂമിയിലെ മാനുഷ കുടുംബങ്ങൾക്കായി ദൈവം യേശുവിനെ ക്രൂശിൽ മരിപ്പാനായി അയച്ചപ്പോൾ, ലോകത്തിന്റെ വ്യവസ്ഥകളെല്ലാം കീഴ്മേൽ മറിഞ്ഞു ലോകത്തിന്റെ ജ്ഞാനവും ബുദ്ധിയുമെല്ലാം വ്യർത്ഥമായി. ക്രൂശിലെ സംഭവത്തോടുകൂടെ ക്രിസ്തീയ സമൂഹത്തിൻെറ പ്രകൃതത്തിന് മാറ്റം സംഭവിച്ചു. തന്റെ വായനക്കാർ അത് ശരിയായി മനസിലാക്കണമെന്ന് അപ്പൊസ്തലൻ ആഗ്രഹിച്ചു. കൊരിന്ത്യർക്ക് ക്രൂശ് മനസിലാക്കാൻ കഴിയാതെ പോയതിന്റെ കാരണം അവരുടെ വിഭാഗീയ സ്വഭാവവും മൽസര ചിന്തയുമായിരുന്നു. നിന്ദാസ്തുതി മനസിലാക്കുവാൻ അവർക്ക് കഴിയാതെ പോയത് എന്ത്? ക്രൂശിൽ മരിച്ച ആളുകളെ കുറിച്ച് അപ്പൊസ്തലന് വിശദമാക്കേണ്ട ആവശ്യമില്ലായിരുന്നു. പുറജാതിക്കാർ, ദുഷ്ടന്മാർ ആയവരെ ആയിരുന്നു — അല്ലാതെ രാജകുമാരന്മാരരെയോ, രാജാക്കന്മാരെയോ, രക്ഷകന്മാരെയോ ആയിരുന്നില്ല. എങ്ങനെയായാലും,

“രക്ഷിക്കപ്പെടുന്ന നമുക്കോ ക്രൂശ്” ദൈവശക്തിയാകുന്നു.

**വാക്യം 19.** മാനുഷ ശക്തിക്കും വാഴ്ച്ചക്കും കഴിയാത്ത ധ്രുതഗതിയിലുള്ള പുതുക്കവും വെല്ലുവിളിയും ലോകത്തിന് ക്രൂശ് നല്കി. യെഹൂദ തിരുവെഴുത്തുകൾ വായിച്ചു തിരിച്ചറിയുവാൻ കഴിയുന്നവർക്ക് ദൈവത്തിന്റെ വെളിപ്പാടിൽനിന്നു വ്യതിചലിക്കാത്ത തുടർച്ചയായിരുന്നു ക്രൂശ് എന്ന് മനസിലാക്കും. ശിനാറിൽ പുരാതന കാലത്ത് ജീവിച്ചിരുന്നവർക്ക് നശിച്ചുപോകുന്നവരെ അറിയുവാൻ കഴിഞ്ഞിരുന്നു (ഉല്. 11:1–9). ആളുകൾ ചേർന്ന് ഭൂമിയിൽ ഒരു ഗോപുരം പണിയുവാൻ ആരംഭിക്കുകയും, ദൈവം ഇറങ്ങി വന്ന് അവരുടെ ഭാഷ കലക്കി കളയുകയും ചെയ്തു. ഹന്ന മുതൽ (1 ശമു. 2:1–10) മറിയ വരെ (ലൂക്കൊ. 1:46–55), ആവശ്യമുള്ളവരെ ദൈവം ചാമ്പൽ കൂമ്പാരത്തിൽ നിന്നും ഉയർത്തിയിരുന്നു. **“ജ്ഞാനിയുടെ ജ്ഞാനം ഞാൻ നശിപ്പിക്കും”** എന്ന് അവൻ യെശയ്യാവിൽ കൂടെ പറയുമ്പോൾ അത് പുതിയ കാര്യമായിരുന്നില്ല (യെശ. 29:14 നോക്കുക).[7] നവീന ഉപദേശവും വാക് ചാതുര്യവും വെച്ചു വിമർശിക്കുന്നതിനെ ദൈവത്തിന്റെ വെളിപ്പാടായ ക്രൂശിനെ കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ നന്നായി നോക്കി കാണുവാനാണ് പൗലൊസ് പറഞ്ഞത്.

**വാക്യം 20.** കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ ആരും തന്നെ ലോക ജ്ഞാനം അഭ്യസിക്കണമെന്ന് പറഞ്ഞിരുന്നില്ല എന്നതാണ് പൗലൊസിന്റെ ചോദ്യങ്ങളിൽ അന്തർലീനമായിരുന്നത്. ജ്ഞാനി എവിടെ?? എന്ന ചോദ്യം സൗമ്യമായി അവരെ ബോധ്യമാക്കുന്നത്, ലോകജ്ഞാനനമല്ല അവരുടെ രക്ഷയുടെ ഉറവിടം എന്നാണ്. അപ്പൊസ്തലനായ പൗലൊസ് ജ്ഞാനത്തെ പൂർണ്ണമായും നിരാകരിച്ചിരുന്നില്ല. മറിച്ച്, ലോകത്തിന്റെ ജ്ഞാനത്തേക്കാൾ ഉയർന്ന നിലവാരമാണ് ദൈവിക ജ്ഞാനത്തിനുള്ളത് എന്നതായിരുന്നു അപ്പൊസ്തലന്റെ ഊന്നൽ (2:6). ഇതേ പോയിന്റ് യേശു പറഞ്ഞിരുന്നു, “പിതാവേ, സ്വർഗത്തിനും ഭൂമിക്കും കർത്താവായുള്ളോവേ, നീ ഇതു ജ്ഞാനികൾക്കും വിവേകികൾക്കും മറെച്ചു ശിശുക്കൾക്ക് വെളിപ്പെടുത്തിയതുകൊണ്ട് ഞാൻ നിന്നെ വാഴ്ത്തുന്നു” (ലൂക്കൊ. 10:21).

വാക്കുകളിൽകൂടെയോ, എഴുത്തുകളിൽ കൂടെയോ ഏതെങ്കിലും കാര്യം ബുദ്ധിപരമായി വാദിക്കുവാൻ റോമാക്കാർക്കും ഗ്രീക്കുകാർക്കും അതിന്റെ സാരാംശം ആവശ്യമായിരുന്നു. കൊരിന്ത്യസഭയിലെ അംഗങ്ങളെ നോക്കി **ശാസ്ത്രി എവിടെ? താർക്കികൻ എവിടെ?** എന്നീ ചോദ്യങ്ങളായിരുന്നു ചോദിച്ചത്. ലോകത്തിൽ ബുദ്ധിയുള്ളവർക്ക് ക്രിസ്തുവിനായി ചെലവഴിക്കുവാൻ സമയമില്ല. കൊരിന്ത്യരോടുള്ള പൗലൊസിന്റെ ചോദ്യം ഇതായിരുന്നു, “ലോകത്തിലെ നവീന പരിഷ്ക്കാരങ്ങളുടെ ഉറവിടം എന്താണ്?” ദൈവം തന്റെ അനുഗ്രഹങ്ങൾ ക്രിസ്ത്യാനികൾക്ക് നൽകുമ്പോൾ, ദൈവം ക്രിസ്ത്യാനികൾക്ക് അനുഗ്രഹം നൽകുമ്പോൾ, **ലോകത്തിൻെറ ജ്ഞാനത്തെ ഭോഷത്വമാക്കി**.

ചിലർ “ജ്ഞാനികൾ,” ചിലർ “ശാസ്ത്രിമാർ,” ചിലർ “താർക്കികന്മാർ” എന്ന് പൗലൊസ് പറയുമ്പോൾ, അവന്റെ മനസിൽ പ്രത്യേക കൂട്ടം ആളുകളായിരുന്നില്ല എന്നു സ്പഷ്ടം. ലോകത്തിന്റെ മൂല്യവും, മാതൃകയും ഏതെല്ലാം കാര്യങ്ങളിലാണെന്നായിരിക്കാം വാക്യം 20–ൽ പറയുന്ന വാക്കിനാൽ പൗലൊസ് ഉദ്ദേശിച്ചത്. തർസൊസിൽ നിന്നും യെരുശലേമിൽനിന്നും തനിക്ക് ലഭിച്ച വിദ്യാഭ്യാസത്തെ തന്നെയായിരിക്കാം പൗലൊസ് ഉദ്ദേശിച്ചത്. ജ്ഞാനത്തെ നിഷേധിക്കുകയായിരുന്നില്ല അവൻ ചെയ്തത്. ശരിയായ അറിവ് ക്രിസ്തുവിനെ സേവിക്കുന്ന ഒന്നായിരിക്കും; അത് സ്വയം – സേവിക്കുന്നതിനായിരു

ന്നില്ല, മറിച്ച് കൊരിന്തിനു പകർന്ന് കൊടക്കേണ്ടതിനായിരുന്നു നൽകിയത്.

**വാക്യം 21**. മൂർച്ചയുള്ള വാക്കുകളാൽ, അപ്പൊസ്തലൻ, ചന്ത സ്ഥലത്തെ **ജ്ഞാനം,** നവീന പരിഷ്ക്കാരങ്ങൾ, പഠിച്ച തത്വങ്ങൾ എന്നിവയുമായി ക്രിസ്ത്യാനികൾ സ്വീകരിച്ചതും ലോകം **ഭോഷ്ക്കായി** കരുതിയതുമായ സുവിശേഷത്തെ താരതത്യം ചെയ്യുകയാണ് ഇവിടെ മനുഷ്യർ അഥവാ **ലോകം** (κόσμος, *കോസ്മോസ്*), ലോകം അതിന്റെ പഠങ്ങൾ വെളിപ്പെടുത്തി ദൈവത്തിന്റെ പ്രകാശത്തെ മന്ദീഭവിപ്പിക്കുകയാണ് ചെയ്യുന്നത് എന്ന് അപ്പൊസ്തലൻ നിരീക്ഷിച്ചു (റോമ. 1:20). ലോകം അതിന്റെ ഉൾക്കാഴ്ച്ചയാൽ ദൈവത്തെ കുറിച്ച് എന്തു പഠിപ്പിച്ചാലും, പാപം അവരെ മലിനമാക്കിയിരിക്കുകയാണ്. സ്വന്തം ഇഷ്ടപ്രകാരം ദൈവത്തെ സ്വീകരിക്കുന്നതിനാൽ, അവരുടെ അഹങ്കാരത്തിൽനിന്നും ഭോഗസുഖത്തിൽനിന്ന് ഉയരുവാൻ അവരെ അനുവദിക്കുന്നില്ല. “ജ്ഞാനികൾ എന്ന നാട്യത്താൽ അവർ ഭോഷന്മാരായി തീർന്നു” (റോമ. 1:22).

പാപികൾക്ക് ദൈവത്തെ അറിയുവാൻ കഴിയാത്തതു തന്നെ **ദൈവത്തിന്റെ ജ്ഞാനം** നൽകിയിരിക്കുന്നു എന്നതിന്റെ തെളിവാണ്. അപ്പോഴും ഭോഗാസക്തിയുമുള്ളവരിൽനിന്നു ദൈവം മുഖം തിരിക്കുന്നില്ല അതിൽനിന്നു വ്യത്യസ്തമായി, നിസ്വാർത്ഥവും വിശദീകരിക്കാനാവാത്തതുമായ അവന്റെ സ്നേഹമാണ് തന്റെ പുത്രനെ നാം ബലഹീനരായിരുന്നപ്പോൾ, മരിപ്പാൻ ഇടയാക്കിയത്. പുത്രന്റെ മരണത്താൽ നിരപ്പിനുള്ള വാതിൽ അവൻ തുറന്നു. [പൗലൊസ്] **പ്രസംഗിച്ച സന്ദേശം** ... കേട്ടു വിശ്വസിച്ചവർ രക്ഷിക്കപ്പെട്ടു, എങ്കിലും, ലോകത്തിന് ദൈവം ക്രൂശിൽ മരിക്കുക എന്നതു ഭോഷത്വമാണ്. ലോകത്തിന്റെ ദേവന്മാർ അതിന്റെ തന്നെ പ്രതിബിംബം ഒരു കണ്ണാടി കാണിക്കുന്നതുപോലെ കാണിക്കുന്നു. ദൈവത്തെ കുറിച്ചുള്ള വാസ്തവത്തിലുള്ള ജ്ഞാനം ദൈവം - സ്വയം വെളിപ്പെടുത്തിയതിനാൽ ലഭിക്കുന്നതാണ്. ദൈവത്തെ അറിയുക എന്നാൽ, അവന്റെ നടത്തിപ്പും സ്വഭാവവും, ധാർമ്മികതയും ധർമ്മ വീര്യവും ദൈവം ആരാണെന്ന് തിരിച്ചറിയുവാൻ സഹായിക്കുന്നു.

**വാക്യം 22**. ക്രൂശിക്കപ്പെട്ട രക്ഷകനോടുള്ള ആളുകളുടെ പ്രതികരണമനുസരിച്ച് അവരെ രണ്ടായി തരം തിരിച്ചിരിക്കുന്നു: യെഹൂദനും യവനനും. തീർച്ചയായും അവൻ പറഞ്ഞത് പൊതുവായിട്ടാണ്. എല്ലാ യെഹൂദന്മാരും അല്ലെങ്കിൽ എല്ലാ യവനന്മാരും ഒരേ രീതിയിലായിരുന്നില്ല പ്രതികരിച്ചത്; എന്നാൽ ധാർമ്മികരായ ആളുകൾ, തങ്ങളുടെ സമ്പ്രദായങ്ങളിലും, ബുദ്ധിയിലും, ആശ്രയിച്ച് ദൈവജ്ഞാനത്തെ തള്ളിക്കളഞ്ഞു. തങ്ങൾ കേൾക്കുന്നത് വാസ്തവത്തിൽ സത്യമാണോ എന്ന് കണ്ടറിയുവാൻ, **യെഹൂദന്മാർ അടയാളം** അന്വേഷി[ച്ചു]. യേശു അവരുടെ ചോദ്യങ്ങളെ നേരിട്ടു. യേശുവിന്റെ ഗലീലാ ശുശ്രൂഷയെ കുറിച്ച് പൗലൊസിന് എത്രമാത്രം അറിയാം എന്ന ചോദ്യം ഉയർന്നു കേട്ടിരുന്നു. അത് യേശുവും യെഹൂദ മതാദ്ധ്യക്ഷന്മാരും തമ്മിലുണ്ടായ സംഭാഷണ പശ്ചാത്തലത്തിലായിരുന്നു. “ഗുരോ നീ ഒരു അടയാളം ചെയ്തു കാൺമാൻ ഞങ്ങൾ ഇഛിക്കുന്നു” എന്നു പറഞ്ഞു (മത്താ. 12:38). “ഞങ്ങൾ നിന്നെ കണ്ടു വിശ്വസിക്കേണ്ടതിന്ന് നീ എന്ത് അടയാളം ചെയ്യുന്നു?” (യോഹ. 6:30).

യേശുവിനോട് യെഹൂദന്മാർ അടയാളം ചോദിച്ചത് വ്യാജോക്തിയായിരുന്നു കാരണം, യേശുവിന്റെ ശുശ്രൂഷ മുഴുവനും ... അടയാളം

നിറഞ്ഞതായിരുന്നു. യെശയ്യാ പ്രവാചകന്റെ പ്രവചനം യെഹൂദന്മാർ നിറവേറ്റി. "... അവർ കണ്ടിട്ടും അറിയാതിരിപ്പാനും, കേട്ടിട്ടും ഗ്രഹിക്കാതിരിപ്പാനും സംഗതി വരും" (മർ. 4:12; യെശ. 6:9, 10). യേശുവിന്റെ പ്രവൃത്തികളിൽ അടയാളങ്ങൾക്ക് കുറവൊന്നുമില്ലായിരുന്നു. അപ്പൊസ്തലൻ പിന്നീട് കൊരിന്ത്യർക്ക് എഴുതി, "അപ്പൊസ്തലന്റെ അടയാളഅടയാളങ്ങൾ പൂർണ്ണ സഹിഷ്ണുതയിലും, അടയാളങ്ങളാലും, അത്ഭുതങ്ങളാലും വീര്യപ്രവൃത്തികളാലും നിങ്ങളുടെ ഇടയിൽ വെളിപ്പെടുന്നുവല്ലൊ" (2 കൊ. 12:12). "പ്രസംഗിക്കപ്പെട്ട സന്ദേശത്തിന്റെ ഭോഷത്വത്തോട് യെഹൂദന്മാർ ഇടക്കിടക്ക് പ്രതികരിച്ചിരുന്നു" (1:21), അവർ അടയാളം അന്വേഷിച്ചുവെങ്കിലും, ഒരടയാളവും അവരെ തൃപ്തിപ്പെടുത്തിയില്ല.

ക്രൂശിക്കപ്പെട്ട രക്ഷകനോടുള്ള **ഗ്രീക്കുകാരുടെ** പ്രതികരണം പുഞ്ചിരിയെ അറിയുന്നതുപോലെ ആയിരുന്നു; **ജ്ഞാനം** അന്വേഷിക്കുന്ന ഒരു ബഹുമതി അവർക്ക് ഉണ്ടായിരുന്നു. ക്രിസ്തീയ കാലത്തിന്റെ ആരംഭഘട്ടത്തിൽ ഗ്രീക്ക് ചിന്തകന്മാരുടെ താത്വികമായ ഊഹാപോഹങ്ങൾ ദൂര - വ്യാപകമായതായിരുന്നു. അവർക്ക്, ജ്ഞാനം എന്നു പറയുന്നത്, ഏകാന്തനായിരിക്കുന്ന മനുഷ്യന്റെ പേശികളിലേക്ക് നിർദ്ദേശം കൊടുക്കുന്ന ഒന്നാണ്. തെരുവ് പ്രാസംഗികർ അജ്ഞാനികൾ മുതൽ പരിഷ്ക്കാരികൾ വരെ എത്തിയിരുന്നു. സാധാരണ നിരീക്ഷകന്മാർ വിമർശകരെ വിവേചിച്ചിരുന്നു. ആധുനിക തത്വചിന്തകന്മാർ ടൗണിലേക്ക് എത്തിയപ്പോൾ, ചെരുപ്പുകുത്തികളും തുകൽനിർമ്മാണം നടത്തിയിരുന്നവരും അവരോട് തർക്കിക്കുവാൻ തുടങ്ങി. ഗ്രീക്കുകാർക്ക് അവസാനമായി വന്ന പ്രദർശകനായിരുന്നു പൗലൊസ്. അവർ നോക്കിയിരുന്നത്, വാക്കുകളാൽ സൂക്ഷ്മമായി അമ്മാനമാടുന്നതും, ബുദ്ധിയോടെയുള്ള പ്രസംഗവിദ്യയാൽ ഇളക്കുന്നതും, നോവൽ വിശദീകരണങ്ങളുമായിരുന്നു. **ജ്ഞാനം** അന്വേഷിച്ചിരുന്ന യവനന്മാർക്ക്, ക്രൂശിക്കപ്പെട്ട് ഉയർത്തെഴുന്നേറ്റ രക്ഷകൻ മുഖാന്തരം ജീവിതം മാറുക എന്നത് അവരുടെ ചിന്തക്ക് അപ്പുറമായിരുന്നു.

**വാക്യം 23.** മടി കൂടാതെ, ''ഞങ്ങൾ'' എന്നു ഊന്നി പറഞ്ഞ്, അടയാളം അന്വേഷിച്ച യെഹൂദന്മാർക്കും, ജ്ഞാനത്തിന്റെ ആസക്തിയിൽ മുഴുകിയ യവനന്മാർക്കും പകരം ഒരു സംവിധാനം പൗലൊസ് നൽകി: **ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു.** ദൈവത്താൽ അഭിഷിക്തനായവൻ, അവരുടെ പ്രതീക്ഷക്കനുസരിച്ച് ഒരു അടയാളവും കാണിച്ചില്ല, ജാതികളായ യവനന്മാരുടെ തൃപ്തിക്കായി അവൻ അത്തരം ജ്ഞാനങ്ങളൊന്നും അവതരിപ്പിച്ചില്ല. ഒരു മനുഷ്യനും പ്രതീക്ഷിക്കാത്ത വിധത്തിലാണ് സത്യം കിടക്കുന്നത്. വ്യാജോക്തിയും ദൈവജ്ഞാനവും നമുക്ക് ക്രൂശിൽ കാണാം. "ബലഹീനത നിമിത്തം അവർ ക്രൂശിക്കപ്പെട്ടുവെങ്കിലും, ദൈവശക്തിയാൽ ഇന്നും ജീവിക്കുന്നു" (2 കൊ. 13:4).

ലിയോൺ മോറിസ് പറഞ്ഞു, "ക്രൂശിലെ ശക്തി താഴ്മയുള്ളവർക്ക് ദൈവത്തെ അറിയുവാനും, ദുഷ്ടതയെ അതിജീവിക്കുവാനും, തത്വചിന്തകന്മാർക്ക് ചിന്തിക്കുവാൻ കഴിയുന്നതിനപ്പുറമായ ജ്ഞാനം ലഭിപ്പാനും സാഹചര്യം ഒരുങ്ങി."[8] ബ്രെവാർഡ് എസ്. ചിൽഡ്സ് നിരീക്ഷിച്ചു, "നിസഹായരായ മനുഷ്യർക്ക് വേണ്ടി ക്രൂരമായ ക്രിസ്തുവിന്റെ മരണം, ക്രൂശിന്റെ ചിഹ്നത്തിൽ കൂടെ പൗലൊസിന് മനസിലാക്കുവാൻ കഴിഞ്ഞു."[9]

യോഹന്നാൻ സ്നാപകൻ യേശുവിനെ പരിചയപ്പെടുത്തിയത്, "ഇതാ

ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നാണ് (യോഹ. 1:29). ദശാബ്ദങ്ങൾക്കു ശേഷം, അപ്പൊസ്തലനായിരുന്ന യോഹന്നാൻ യേശു വെള്ളക്കുതിരമേൽ ഇരിക്കുന്ന ദർശനം കാണുകയുണ്ടായി. അവൻ വിവരിച്ചു, "... വെള്ളക്കുതിരമേൽ ഇരിക്കുന്നവന് കിരീടം ലഭിച്ചു. അവൻ ജയിക്കുന്നവന ായും ജയിപ്പാനായും പുറപ്പെട്ടു" (വെളി. 6:2). ക്രുശിക്കപ്പെട്ട ക്രിസ്തു വാഴുന്ന രക്ഷകനായി തീർന്നു. യെഹൂദന്മാരുടെ പ്രതീക്ഷകളെയെല്ലാം ദൈവത്തിന്റെ ശക്തി തകർത്തു കളഞ്ഞു. അവന്റെ ജ്ഞാനം ജാതികളുടെ അർപ്പണത്തെ ക്രൂശിൽ പരാജയപ്പെടുത്തി. ബലഹീനതയിൽ ശക്തിയും ഭോഷത്വത്തിൽ ജ്ഞാനവും അപ്പൊസ്തലനെ നല്ല നടത്തിപ്പുകാരനാക്കി. "ഞാൻ പ്രശംസി ക്കുകയാണെങ്കിൽ, എന്റെ ബലഹീനതയിലായിരിക്കും ഞാൻ പ്രസംഗിക്കുക" എന്ന് അപ്പൊസ്തലൻ പിന്നീട് പറഞ്ഞു (2 കൊ. 11:30). "ഞാൻ ബലഹീനത യിലായിരിക്കുമ്പോൾ, ഞാൻ ശക്തനാകുന്നു" (2 കൊ. 12:10).

**വാക്യം 24.** മനുഷ്യരക്ഷക്കായി ദൈവം മുന്നിട്ടിറങ്ങി ചെയ്തതും മനു ഷ്യരുടെ പ്രതീക്ഷയും (താത്വികമായ സങ്കൽപങ്ങൾ) തമ്മിലുള്ള അന്തര മാണ് അപ്പൊസ്തലൻ ഇവിടെ തുടരുന്നത്. ദൈവിക കാര്യങ്ങളെ കുറിച്ചുള്ള ക്രിസ്തീയ ഉപദേശങ്ങൾ ആപേക്ഷികമല്ല; അത് ദൈവം ചെയ്തതിനെ കുറിച്ചുള്ള പ്രസ്താവനയാണ്. **ദൈവത്തിന്റെ ജ്ഞാനവും ദൈവശക്തിയും** അനുഭവിക്കുവാൻ കഴിയുന്നത് എല്ലാവർക്കുമല്ല, മറിച്ച്, **വിളിക്കപ്പെട്ടവർക്കാ ണ്.** ദൈവത്താൽ ആകർഷിക്കപ്പെടുന്നത് "വിളിക്കപ്പെട്ടവരായ" ക്രിസ്ത്യാ നികളാണ്'; അത് വിളിയോടുള്ള പ്രതികരണത്തിൽ നിന്നു മനുഷ്യരെ മാറ്റി നിർത്തുന്നില്ല.

ചില തത്വശാസ്ത്ര പാഠശാലയിൽന്നുള്ള പഠനമായിരുന്നില്ല മറിച്ച്, പൗലൊസിന്റെ പ്രസംഗം. പാപത്തിലായിരുന്നപ്പോൾ പോലും, അതിൽന ിന്നു വെളിപ്പാടിനാൽ വീണ്ടെടുക്കുവാൻ തയ്യാറായത് അവന്റെ സ്നേഹം തീർന്നു പോയിട്ടില്ല എന്നതിന്റെ തെളിവാണ്. പൗലൊസിന്റെ ഗൃഹപരിസര ത്ത്, സന്ദേശം എത്തിച്ചപ്പോൾ, കൊരിന്ത്യർ അത് ഗൗരവത്തോടെ സ്വീകരിച്ചു, അങ്ങനെ അവർക്കിടയിലെ മാനുഷ ശക്തിയും ജ്ഞാനവും അപ്രസക്തമായി.

**വാക്യം 25.** അത് ബലഹീനവും ഭോഷ്ക്കും ആണെന്ന് തോന്നിയാലും, സുവിശേഷ സത്യത്തിൽ പൗലൊസിന് വിശ്വാസം ഉണ്ടായിരുന്നു. മനുഷ്യ നിലവാരത്തിൽ, ക്രൂശിനെ കുറിച്ച് അവർക്ക് ഒന്നും പറയുവാനില്ല. നശിച്ചുപേ ാകുന്നവർക്ക് സുവിശേഷം ഭോഷ്ക്ക് ആണെന്നു പറയുവാൻ കാരണങ്ങളു ണ്ട്. **മനുഷ്യന്റെ ജ്ഞാനത്തേക്കാൾ വലുതാണ് ദൈവത്തിന്റെ ഭോഷത്വം** എന്നായിരുന്നു പൗലൊസ് പ്രതികരിച്ചത്. സുവിശേഷം ദൈവത്തിൽനിന്നു വന്നതാണ് എന്ന് മനുഷ്യൻ അതിനെ വിധിക്കുന്നതിനാൽ തെളിയുന്നു. മനു ഷ്യരുടെ പ്രതീക്ഷക്കൊത്തവണ്ണം ദൈവം മനുഷ്യരോട് ഇടപെടുമെന്ന് ആരും പ്രതീക്ഷിക്കുന്നില്ല. ദൈവത്തിന്റെ ഭോഷത്വത്തെ വിലയിരുത്തലിനേക്കാൾ പ്ര ാധാന്യമുള്ളതാണ് അല്ലെങ്കിൽ അത് വളരെ ലളിതമാണ്: **ദൈവത്തിന്റെ ബല ഹീനത മനഷ്യരേക്കാൾ വലുതാണ്.** മനുഷ്യർ തങ്ങൾക്ക് ബോധിച്ചതുപോലെ വാദിക്കട്ടെ; അവസാനം ദൈവം ജയിക്കും. കർത്താവ് മടങ്ങി വരും. രക്ഷ ഇപ്പോൾ ഉള്ളതുപോലെ എന്നും ക്രൂശിൽ തന്നെ ആയിരിക്കും.

**ക്രിസ്തുവിൽ കാണുന്ന ജ്ഞാനം (1:26-30)**

**[26]സഹോദരന്മാരേ, നിങ്ങളുടെ വിളിയെ നോക്കുവിൻ, ലോകാഭിപ്രായ പ്രകാരം ജ്ഞാനികൾ ഏറെയില്ല, ബലവാന്മാർ ഏറെയില്ല, കുലീനന്മാരും ഏറെയില്ല. [27]ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായതു തിരഞ്ഞെടുത്തു. ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു. [28]ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ വൈം ലോകത്തിൽ കുലഹീനവും നികൃഷ്ടവുമായതും ഏതുമില്ലാത്തതും തിരഞ്ഞെടുത്തു. [29]ദൈവസന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിന്ന് തന്നെ. [30]നിങ്ങളോ അവനാൽ ക്രിസ്തുയേശുവിൽ ഇരിക്കുന്നു. അവൻ നമുക്ക് ദൈവത്തിങ്കൽനിന്ന് ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായി തീർന്നു.**

**വാക്യം 26.** താൻ പറഞ്ഞ കാര്യങ്ങൾ സ്ഥിരീകരിക്കുന്നതിനായിപൗലൊസ് കൊരിന്ത്യയിലെ ക്രിസ്ത്യാനികളുടെ അനുഭവങ്ങൾകൂടെ ഓർമ്മിപ്പിക്കുന്നു. ലോകം സുവിശേഷത്തെ വിധിച്ച് തള്ളിക്കളഞ്ഞിരിക്കയാൽ, അവരുടെ തത്വശാസ്ത്രത്തെയും മതസങ്കൽപങ്ങളെയും സ്വീകരിക്കുന്നത് ആശ്ചര്യം ജനിപ്പിക്കുന്നു. മനുഷ്യർക്കിടയിൽ ജ്ഞാനികളും ബലവാന്മാരും അധികം ഇല്ല. ക്രിസ്ത്യാനിത്വത്തിന്റെ ഭാവി ഏൽപിച്ചത് ലോകത്തിലെ ബുദ്ധിമാന്മാരിലോ, സമ്പത്തിലോ, കുലീനന്മാരിലോ അല്ല, മറിച്ച്, ക്രൂശിക്കപ്പെട്ട ക്രിസ്തുവിൽ (2:2) വിശ്വസിക്കുന്ന, സാധാരണ കൃഷിക്കാരിലും, ജോലിക്കാരിലും ആയിരുന്നു.

ക്രിസ്തീയ യുഗത്തിന്റെ പ്രാരംഭ കാലഘട്ടത്തിൽ, ക്രിസ്ത്യാനിത്വത്തോട് ചേർന്നവർ, കുലീനന്മാരും, എളുപ്പത്തിൽ വഞ്ചിക്കപ്പെടുവാനിടയുള്ളവരുമാണെന്ന് വിമർശകർ വിലയിരുത്തിയിരുന്നു. ക്രിസ്ത്യാനിത്വത്തിന്റെ ശത്രുവായി രണ്ടാം നൂറ്റാണ്ടിൽ എഴുതിയതിൽ പറയുന്നത്, ക്രിസ്ത്യാനിത്വത്തിലേക്ക് ചേർന്നവർ, തുകൽ - പണിക്കാർ, ചെരുപ്പുകുത്തികൾ, തുടങ്ങി. അപരിഷ്കൃതരായവരായിരുന്നു എന്നാണ്, അവരാരും ഉപദേഷ്ടാക്കരായി തീരുമെന്ന് പ്രതീക്ഷിച്ചുമില്ല.[10] ഹീനമായ ജോലി ചെയ്യുന്നവരും ലോകത്തിൽ "ജ്ഞാനികളെ" പോലെ തന്നെ നിഷ്കളങ്കരും, കുലീനന്മാരും ആയിരിക്കാമെന്ന് പൗലൊസ് വിചാരിച്ചില്ലെങ്കിലും, ലോകത്തിലെ ജ്ഞാനികൾക്കും പരിഷ്ക്കാരികൾക്കും ക്രൂശിന്റെ സന്ദേശം കേൾക്കുവാൻ സമയമില്ല എന്ന് അവൻ മനസിലാക്കിയിരുന്നു. ലോകജ്ഞാനത്തിന് മനസിലാക്കുവാൻ കഴിയാത്തത്ര ഉയരത്തിലാണ് ക്രൂശിന്റെ ജ്ഞാനം. "നിങ്ങൾക്ക് ചുറ്റും നോക്കുക" അപ്പൊസ്തലൻ കൊരിന്ത്യർക്ക് നൽകിയ വെല്ലുവിളി, **നിങ്ങളുടെ വിളി പരിശോധിക്കുക** എന്നതായിരുന്നു.

കൊരിന്ത്യയിലെ പ്രാരംഭ ക്രിസ്തീയ വിശ്വാസികളുടെ കണക്ക് സാമ്പത്തികമായും സാമൂഹ്യമായും നോക്കിയാൽ, **ജഡപ്രകാരം** ജ്ഞാനികൾ "അധികം ഇല്ല." അവർക്കിടയിൽ സമ്പത്തുള്ളവരും, വിദ്യാഭ്യാസം ഉള്ളവരും കുറവായിരുന്നോ? 1:20 ലെ ശാസ്ത്രി എവിടെ എന്ന ചോദ്യം വ്യക്തമാക്കുന്നത്, ക്രിസ്ത്യാനികളായി തീർന്നവരിൽ ലോകപ്രകാരമുള്ള പണ്ഡിതന്മാർ ഉണ്ടോ എന്നതായിരിക്കാം പൗലൊസ് ഉദ്ദേശിച്ചത്. ഇതിനെ കുറിച്ച് ജോൺ ഗാഗർ ശരിയായി എഴുതി,

... ചില വിശ്വാസികൾ വിശേഷിച്ച് പൗരോഹിത്യ ശ്രേണിയിലായിരുന്നവർ സമുഹത്തിൽ അവരുടെ ടൗണുകളിലും പട്ടണങ്ങളിലും ഉയർന്ന ന ിലവാരത്തിലുള്ളവരായിരുന്നു. പ്രസ്ഥാനത്തിലെ ന്യൂനപക്ഷത്തെ കുറി ച്ചല്ല ആളുകൾ കണക്കാക്കിയിരുന്നത്, ഭൂരിപക്ഷം ആളെയും കുറിച്ചാ യിരുന്നു.[11]

ഒന്നാം നൂറ്റാണ്ടിൽ, സുവിശേഷം വ്യാപിപ്പിച്ചപ്പോൾ, ക്രിസ്തുവിന്റെ കൃപ യോടും പാപമോചനത്തോടും ശരിയായി പ്രതികരിച്ചത്, ദരിദ്രരും നിന്ദിക്ക പ്പെട്ടവരുമായിരുന്നു. ആ ദരിദ്രരും നിന്ദിതരും പുളിമാവ് പോലെയായിരുന്നു പ്രവർത്തിച്ചത്, അങ്ങനെ യേശു കർത്താവാണ് എന്ന സന്ദേശം വീടുകളിലും അവരുടെ ജോലി സ്ഥലങ്ങളിലും വ്യാപിപ്പിച്ചു.

**വാക്യങ്ങൾ 27, 28**. കൊരിന്ത്യയിലെ രക്ഷിക്കപ്പെട്ടവരുടെ കൂട്ടത്തിൽ എണ്ണപ്പെട്ടവരായിരുന്നു ദരിദ്രരും നിന്ദിക്കപ്പെട്ടവരും. അതു യാദൃശ്ചികമായി രുന്നില്ല; അതു ദൈവത്തിന്റെ പ്രവർത്തനമായിരുന്നു. ലോകത്തിലെ ജ്ഞാനി കളെ ലജ്ജിപ്പിക്കുവാൻ ദൈവം ലോകത്തിലെ **ഭോഷത്വത്തെ തിരഞ്ഞെടുത്തു** (1:27), ലോകത്തിൽ ബലവാന്മാരെ ലജ്ജിപ്പിക്കുവാൻ ദൈവം ലോകത്തിൽ ബലഹീനമായവയെ തിരഞ്ഞെടുത്തു. **ലോകത്തിന്റേതെല്ലാം നിഷ്പ്രഭമാക്കു ന്നതാണ്** ദൈവത്തിന്റെ തിരഞ്ഞെടുപ്പ് (1:28). ലോകത്തിലുള്ളവരുടെ ബലം അനിശ്ചിതത്വത്തിലും, കുഴപ്പത്തിലും, ഭൗതികമരണത്തിലുമവസാനിക്കു മ്പോൾ, താഴ്മയുള്ളവരിൽ കടാക്ഷിക്കുകയും, നന്മയും, അർത്ഥപൂർണ്ണവും പ്രത്യാശയും നിറഞ്ഞതാക്കുന്നു. വിശ്വാസി തന്റെ ജീവനെ നഷ്ടമാക്കിയാൽ അവൻ അതിനെ നേടും (യോഹ. 12:24, 25). ലോകജ്ഞാനത്തിൽ അതു മന സിലാക്കുവാൻ കഴിയുകയില്ല എന്നാണ് പൗലൊസ് പറഞ്ഞത്. "ആളുകൾക്ക് തോന്നുന്ന ക്രൂശ് ബലഹീനതയും ശക്തിയില്ലായ്മയും ആയി കാണുന്നവ രെ, ദൈവം തന്റെ ശക്തിയാൽ മാടിവിളിക്കുന്നതായിട്ടാണ് അപ്പൊസ്തലൻ പറഞ്ഞത്."[12]

ദൈവം ശരീരം അഥവാ ജഡം എടുത്ത് തന്റെ പുത്രനായ യേശുവിന്റെ രൂപത്തിലാക്കി എന്നത് ക്രിസ്തീയ ഉപദേശത്തിന്റെ പ്രത്യേകതയാണ്; അത് ഒരു അടിസ്ഥാന വിശ്വാസമാണ്. ശരീരത്തെയും ആത്മാവിനേയും എളുപ്പ ത്തിൽ വേർതിരിക്കുന്നതിനെ ക്രിസ്ത്യാനികൾ തിരസ്കരിക്കുന്നു. ജഡത്തിൽ നന്മയും വിശുദ്ധിയും നിലനിൽക്കുന്നു എന്നത് പുതിയ നിയമ കാലയളവിൽ വിദ്യാഭ്യാസമുള്ളവർക്ക് ഒരു ഇടർച്ച തന്നെയായിരുന്നു. അവർ ഇപ്പോഴും അങ്ങനെ തന്നെയാണ് വിചാരിക്കുന്നത്. അന്നത്തെ തത്വജ്ഞാനികളായിരുന്ന പോർഫിറി, അപ്പുലെയസ് എന്നിവരോട് അഗസ്റ്റിൻ ചോദിച്ചു, "നിങ്ങൾ എന്തു കൊണ്ടാണ് ക്രിസ്ത്യാനികളാകാത്തത്?" അതിന് മറ്റൊരു ചോദ്യത്താലാണ് മറുപടി നൽകിയത്: "ക്രിസ്തു താഴ്മയിൽ വന്നതിനാൽ, നിങ്ങൾ അഭിമാനി ക്കയല്ലേ വേണ്ടത്?" അഗസ്റ്റിൻ തുടർന്നു, "പ്ലാറ്റോയുടെ സ്ക്കുളിൽനിന്ന് ജയി ച്ചിട്ട് ക്രിസ്തുവിന്റെ ശിഷ്യത്വത്തിലേക്ക് പ്രവേശിക്കുന്നത് കുറച്ചിലും, തരം താഴ്ത്തലുമാണ്."[13] വിദ്യാഭ്യാസമുള്ളവർ മനുഷ്യാവസ്ഥയിൽ മർമ്മത്തോട് ചേരുന്നതിനുപകരം പഠിച്ചവർ, തുടർന്നും തങ്ങൾ ജ്ഞാനികളാണെന്ന വിചാ രത്തിൽ തുടർന്നു.

**വാക്യം 29**. കൊരിന്ത്യർക്കുള്ള പാഠം ഇതാണ്: ആരും ദൈവസന്നിധിയിൽ പ്രശംസിക്കരുത്. സാമൂഹ്യമായി ഉയർന്നവരും സാധാരണക്കാരും ഒരുപേ

ാലെ പാപം ചെയ്ത്, അജ്ഞതയിലും, നിസഹായതയിലുമായി. ദൈവത്തിന്റെ രൂപം കണ്ടെത്തിയെന്ന് ആർക്കും അവകാശപ്പെടുവാൻ സാധ്യമല്ല; അവന്റെ മനസ് ആർക്കും അറിയുവാനും കഴിയുകയില്ല. ദൈവം മുന്നിട്ടിറങ്ങി ഒരു രക്ഷകനെ അയച്ചതിൽ കൊരിന്ത്യർക്ക് പ്രശംസിപ്പാൻ ഒന്നുമില്ല. സന്ദേശം ലോകത്തിൽ അറിയിക്കുവാന് അവൻ അപ്പൊസ്തലന്മാരെയാണ് നിയോഗിച്ചത്. ആ ക്രിസ്ത്യാനികളുടെ രക്ഷ ഒരു മനുഷ്യന്റേയും ആലോചനയാൽ വന്നതായിരുന്നില്ല. മഹത്വം ദൈവത്തിനു മാത്രമുള്ളതാണ്.

ലജ്ജക്ക് നേരെ എതിരാണ് പ്രശംസ. അത് ആന്തരിക മനസിന്റെ നടപടിക്രമവുമല്ല; രണ്ടും അയൽക്കാരിൽനിന്നും, സ്നേഹിതരിൽനിന്നും, ബന്ധുക്കളിൽനിന്നും ലഭിക്കുന്ന ആദരവും ബഹുമാനവുമാണ്. കല്ല്യാണത്തിന് ക്ഷണിച്ചാൽ മുഖ്യാസനം ആഗ്രഹിക്കുന്നവരോട് നാണം എന്തെന്ന് മനസിലാക്കുവാൻ ഒരു ഉപമ പഠിപ്പിച്ചു. നിങ്ങള് മുഖ്യാസനത്തിൽ ഇരുന്നാൽ, നിങ്ങളെ ക്ഷണിച്ചവൻ നിന്നിലും [മാനമേറിയ] മറ്റൊരാളെ കല്യാണത്തിന് വിളിച്ചിരിക്കാം. അങ്ങനെ “അയാൾ വന്ന് നിങ്ങളോട് അവസാനം പോയിരിക്ക എന്നു പറഞ്ഞാൽ നിങ്ങൾ നാണിക്കേണ്ടി വരും” (ലൂക്കൊ. 14:9). ഒരാൾ മുഖ്യ സ്ഥാനം കാംക്ഷിക്കുമ്പോൾ, അയാൾ കൂടെയുള്ള അത്ഥികളുടെ ആദരവ് അഥവാ പ്രശംസ പിടിച്ചുപറ്റുവാൻ ശ്രമിക്കുന്നു. അവസാനം പോയി ഇരിക്ക എന്നു പറയുമ്പോൾ, അതേ സദസില്ഡ അയാൾ നാണിച്ചുപോകും. “നാണം” എന്നതിനുള്ള ഗ്രീക്ക് വാക്ക് തർജിമ ചെയ്തതിന്റെ അർത്ഥം, “ഘലരം താഴ്ത്തൽ,” “ലജ്ജ” എന്നിങ്ങനെയാണ്. പ്രശംസയെ കുറിച്ചും നാണത്തെ കുറിച്ചും സമൂഹം കണക്കാക്കുന്നതിനെയാണ് പൗലൊസ് ഇവിടെ വിവരിക്കുന്നനത്. കൊരിന്ത്യൻ ക്രിസ്ത്യാനികൾക്ക് മുഖസ്തുതി ലഭിക്കുന്നനതായിരുന്നില്ല ക്രൂശിനെ കുറിച്ച് പ്രസംഗിച്ചത്. ക്രിസ്തുവിലല്ലാതെ “ഒരു മനുഷ്യനും പ്രശംസിക്കുവാനില്ല.” ക്രിസ്തുവിലേക്ക് വരിക എന്നാൽ, പാപത്തെയും നിസഹായതയെയും സമ്മതിക്കലാണ്.

**വാക്യം 30**. പൗലൊസും തന്റെ വായനക്കാരും ക്രിസ്തുയേശുവിലായിരുന്നു, എന്നാൽ അവർക്ക് പ്രശംസിപ്പാൻ ഒന്നുമില്ലായിരുന്നു. **അവൻ എന്തു ചെയ്തു** എന്നതിന്റെ അടിസ്ഥാനത്തിലായിരുന്നു, അവർ “ക്രിസ്തു യേശുവിൽ” ആയത്. ലോകത്തെ ജ്ഞാനികളിൽനിന്ന് വ്യത്യാസപ്പെടുത്തിയാണ് ഊന്നി പറയുന്ന നിങ്ങൾ (ὑμεῖς, *ഹുമെയിസ്*). “ക്രിസ്തുയേശുവിൽ” ആകുക എന്നാൽ അവരെല്ലാം തന്നെ ഉയർത്തെഴുന്നേറ്റ കർത്താവിനോടുള്ള ബന്ധത്തിലായി എന്നാണ് അവരുടെ ജീവിതം, വ്യക്തിത്വം, സമൂഹം, പ്രത്യാശ, ഭാവി എല്ലാം ക്രിസ്തുവിലായി തീർന്നു. അവരുടെ വീണ്ടെടുപ്പിന്റേയും പ്രത്യാശയുടെയും അടിസ്ഥാനവും ഉറവിടവും അവനായിരുന്നു. ആകയാൽ, നമുക്ക് **ക്രിസ്തു ദൈവത്തിൽനിന്നുള്ള ജ്ഞാനമാണ്**. പൗലൊസിന് ക്രിസ്തുവിൽ ആകുക എന്നാൽ സമൂലമായ മാറ്റമാണ്. എല്ലാ ജ്ഞാനവും വിവേകവും സ്നേഹവും ക്രിസ്തുവിൽ കേന്ദ്രീകരിച്ചിരുന്നു.

എൻഏഎസ്ബി യിൽ, നീതി, വിശുദ്ധീകരണം, വീണ്ടെടുപ്പ് എന്നിവയോടുകൂടി “ദൈവത്തിൽ നിന്നുള്ള ജ്ഞാനവും” ചേർത്തിരിക്കുന്നു. എൻആർഎസ്വിയിലും അങ്ങനെ തന്നെ, എന്നാൽ എൻഐവി ആ വാക്യം വ്യത്യസ്തമായിട്ടാണ് തർജിമ ചെയ്തിരിക്കുന്നത്. മറ്റു ആശയങ്ങളെ അതിർകടക്കുന്ന രീതിയിലാണ് എൻഐവി അതിനെ തർജിമ ചെയ്തിരിക്കുന്നത്. ആകയാൽ ആ വാക്യം പറയുന്നത്, “... അവൻ നമുക്ക് വേണ്ടി ദൈവത്തിൽ

നിന്നുള്ള ജ്ഞാനമായി തീർന്നു - അതാണ് നമ്മുടെ നീതിയും, വിശുദ്ധിയും വീണ്ടെടുപ്പും." ലോകത്തിന്റെ ജ്ഞാനവും ദൈവത്തിൽ നിന്നുള്ള ജ്ഞാന വും തമ്മിലുള്ള അന്തരം വ്യക്തമാക്കുന്നതിൽ എൻഐവിയാണ് ശരിയായി തർജിമ ചെയ്തിരിക്കുന്നത്.

**ചുരുക്കം (1:31)**

**31"പ്രശംസിക്കുന്നവൻ കർത്താവിൽ പ്രശംസിക്കട്ടെ എന്ന് എഴുതിയി രിക്കുന്നതുപോലെ."**

**വാക്യം 31.** മാനുഷികമായ സ്വയാ - ശ്രയത്തെയും, ഉപേക്ഷിക്കുവാൻ കൊരിന്ത്യയിലെ ക്രിസ്ത്യാനികളോട് അപേക്ഷിച്ച്, ലൗകിക വിദ്യാഭ്യാസ ത്തെയും തത്വജ്ഞാനത്തെയും തള്ളിക്കളയുവാനാണ് അപ്പൊസ്തലൻ ആഹ്വാനം ചെയ്തത്. LXX ൽ നിന്നും യിരെമ്യാവ് 9:23 ഉദ്ധരിച്ച് അക്രമം ഒഴിവാക്കുവാനായിരുന്നു പ്രവാചകന്റെ അപേക്ഷ. മാനുഷിക ജ്ഞാനം, ശക്തി, അഭിമാനം എന്നിവ നിഗളിക്കുവാനുള്ളതല്ല. ക്രൂശിക്കപ്പെട്ട രക്ഷകനി ലാണ് ക്രിസ്ത്യാനിയുടെ മഹത്വം. പൗലൊസ് ഉദ്ധരിച്ചു, "**പ്രശംസിക്കുന്നവൻ കർത്താവിൽ പ്രശംസിക്കട്ടെ**" (യിരെ. 9:23, 24 നോക്കുക). നസറേത്തുകാരന ായ യേശുവിൽ പ്രശംസിക്കുന്നത് അവർക്ക് വ്യാജസ്തുതിയായി തോന്നി: അവൻ ധനമോ, ആഭിജാത്യമോ കൂടാതെ ചുറ്റി സഞ്ചരിക്കുന്ന ഉപദേഷ്ടാവ് ആയിരുന്നു. ലോകപ്രകാരമുള്ള ജ്ഞാനം, ശക്തി, പ്രസിദ്ധി എന്നിവയെ യേശു തള്ളിക്കളഞ്ഞിരുന്നു; അവന്റെ അനുയായികളായിരിക്കുന്ന അവന്റെ സഭയും അങ്ങനെ തന്നെ ആയിരിക്കണം.

## പ്രായോഗികത

**ദൈവശ്വാസിയതയും ഓർമ്മയും (1:14-16)**

"എല്ലാ തിരുവെഴുത്തും ദൈവശ്വാസിയമാണ്" എന്ന് പൗലൊസ് തിമൊ ഥെയൊസിനോട് പറഞ്ഞിരിക്കുന്നു (2 തിമൊ. 3:16). പൗലൊസിന് തന്റെ ശ്വാസിയതയിൽ നല്ല ബോധ്യമുണ്ടായിരുന്നു (1 കൊ. 2:13). ബൈബിൾ ദൈവശ്വാസിയമാകയാൽ, ഉപദേശത്തിനും, ധാർമ്മികതക്കും ക്രിസ്ത്യാനി കൾ നോക്കേണ്ടത് അതിലെ വാക്കുകളാണ്. ബൈബിൾ അധികാരവുമായി ബന്ധപ്പെട്ടിരിക്കയാൽ, കാനോനെ കുറിച്ചും, ശ്വാസിയതയെ കുറിച്ചും ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു. എങ്ങനെയായാലും, പൗലൊസോ, അല്ലെങ്കിൽ മറ്റു ബൈബിൾ എഴുത്തുകാരോ തങ്ങളുടെ രേഖകൾ എഴുതുവാൻ കാരണമായ പരിശുദ്ധാത്മശ്വാസിയമായ മർമ്മത്തെ കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. ശ്വാസിയ രീതി പ്രസക്തമാണ്, കാരണം അധികാരം പ്രസക്തമാണ്.

1:14-ൽ, പൗലൊസ് ക്രിസ്പൊസിനേയും ഗായോസിനേയും സ്നാനപ്പെടു ത്തിയതായി പറഞ്ഞിട്ട്, 1:16-ൽ തന്റെ ഓർമ്മ ചികഞ്ഞെടുത്ത് സ്തെഫാനൊ സിനേയും കുടുംബത്തെയും സ്നാനപ്പെടുത്തിയിരുന്നു എന്നും പ്രസ്താവിച്ചി രിക്കുന്നു. അതിനർത്ഥം പരിശുദ്ധാത്മാവ് അവരുടെ മനസിനെ പൂർണ്ണമായും നിയന്ത്രിച്ചിരുന്നു എന്നല്ല; പരിശുദ്ധാത്മാവിന് ഓർമ്മക്കുറവുണ്ടാകുമെന്ന തിനെ കുറിച്ച് ആരും തർക്കിക്കുകയില്ലല്ലൊ. പൗലൊസ് ജീവിച്ച ലോകത്തിൽ,

അവന്റെ പരിമിതികളിലും, ബലഹീനമായ ഓർമ്മയിലും, വ്യത്യസ്തമായ ആചാരത്തിലും, പരിശുദ്ധാത്മാവ്, സഭയുടെ ആവശ്യങ്ങളിലും, സാമൂഹ്യമായ സ്ഥിതിയിലും പ്രവർത്തിച്ചിരുന്നു എന്നു കാണാം. കൊരിന്ത്യർക്ക് ഉപദേശവും പെരുമാറ്റവും 1 കൊരിന്ത്യ ലേഖനത്തിൽനിന്നും ഇന്നത്തെ വായനക്കാർക്കും ആധികാരികമായി നടത്തിപ്പ് എടുക്കാവുന്നതാണ്.

"1 കൊരിന്ത്യർ" എന്ന എഴുതപ്പെട്ട ലേഖനത്തിന്റെ ഒന്നാം കക്ഷിയായിരുന്നു പൗലൊസ്. കൊരിന്ത്യയിലെ അപ്പൊസ്തലന്റെ ആനുകാലികരായിരുന്നു ആദ്യഗുണഭോക്താക്കളായ രണ്ടാം കക്ഷി. തുടർന്നു ലഭിക്കുന്ന വായനക്കാർ അത് എഴുതുകയോ, അവർക്ക് നേരിട്ട് ലഭിക്കയോ ചെയ്തതല്ല. മൂന്നാം - കക്ഷി വായനക്കാരായ നമുക്ക്, 1 കൊരിന്ത്യലേഖനത്തിൽനിന്നും അറിവ് ലഭിക്കുവാൻ, ഒന്നാം കക്ഷി വായനക്കാർ മനസിലാക്കിയതു നാം മനസിലാക്കണം. അപ്പോൾ നമുക്ക് അന്നത്തെ ലോകവും ഇന്നത്തെ ലോകവും തമ്മിൽ പൊതുവായ വ്യത്യാസം കാണുവാൻ കഴിയും. തിരുവെഴുത്തിൽനിന്നും നാം ആധികാരികമായ നടത്തിപ്പ് അന്വേഷിക്കുമ്പോൾ, നമുക്ക് ഇന്നു സഭ നേരിടുന്ന പ്രശ്നങ്ങളും, പൗലൊസ് സംബോധന ചെയ്ത ആളുകൾ നേരിട്ട പ്രശ്നങ്ങളും നമുക്ക് ബോധ്യമാകും. ഉദാഹരണത്തിന് സഭയിലെ ഐക്യതയെ കുറിച്ചുള്ള ആകുലതയും (1:10; 11:18), അധാർമ്മിക സ്വഭാവവും (6:9-11) ഒരേ രീതിയിലുള്ളതാണ്, പക്ഷെ സ്ത്രീകൾ തല മൂടുന്നതിനെ സംബന്ധിച്ച് വ്യത്യസ്ത നിലപാടുകളുമാണുള്ളത് (11:5-16).

## സഭയും അതിന്റെ പരസ്യ പ്രതിഛായയും (1:17)

കോടിക്കണക്കിനു രൂപ ചെലവഴിച്ചാണ് ഇന്ന് കോർപ്പറേഷനുകൾ അവയുടെ പരസ്യ പ്രതിഛായ വർദ്ധിപ്പിക്കുന്നത്. പ്രതിഛായ നോക്കുന്നത്, സത്തക്ക് പകരം കാഴ്ച്ചപ്പാടാണ്. കമ്പനികൾ അവയുടെ ബഹുമതിയിൽ നില്ക്കുന്നിടത്തോളം, വ്യാജപ്രചരണം നടത്തുക. യും ജോലിക്കാരെ വഞ്ചിക്കുകയും ചെയ്യുന്നു. അതുപോലെയാണെന്ന് തോന്നുന്നു, കൊരിന്ത്യ സഭയും അതിന്റെ സത്തയേക്കാൾ പരസ്യ പ്രതിഛായ വർദ്ധിപ്പിക്കുവാൻ ശ്രമിച്ചത്. ആ കാഴ്ച്ചപ്പാട് മാറ്റുവാനാണ് പൗലൊസ് ശ്രമിച്ചത്.

ലോകത്തിലെ തത്വജ്ഞാനമോ, ലോകനിലവാരത്തിലുള്ള ബഹുമാനമോ "വാക്ചാതുര്യമോ" പൗലൊസിന് പ്രഥമ പ്രാധാന്യമർഹിക്കുന്നതായിരുന്നില്ല (1:17). കർത്താവിന്റെ സഭയിലെ അറിയ - പ്പെടുന്ന അംഗങ്ങളോടും, വാക്ചാതുര്യമുള്ള ഉപദേഷ്ടാക്കന്മാരോടും, അതിനു വളരെ ചെറിയ പ്രാധാന്യം മാത്രമെയുള്ളു എന്ന് പൗലൊസ് ഇന്നു പറഞ്ഞേക്കാം. ക്രിസ്ത്യാനികൾക്ക് തമ്മിൽ തമ്മിലുള്ള ബന്ധവും വിശുദ്ധജീവിതവും സൂക്ഷിക്കുന്നതിനാണ് പ്രഥമ പരിഗണന നൽകേണ്ടത്. പരസ്യ പ്രതിഛായയല്ലല ദൈവത്തിന്റെ വിചാരം. സഭയുടെ ഉള്ള് ദൈവത്തിന് അറിയാം.

## ക്രൂശിനെ കുറിച്ചുള്ള ഉപദേശം (1:21)

"... വിശ്വസിക്കുന്നവരെ ദൈവം പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിക്കേണ്ടതിന്" എന്നാണ് 1:21-ൽ കെജെവി പറയുന്നത്. "... വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിക്കുവാൻ ദൈവത്തിന് പ്രസാദം - തോന്നി" എന്ന് ശക്തമായ ഊന്നൽ കൊടുത്തുകൊണ്ടാണ് ഏൻഏഎസ് ബി തർജിമ ചെയ്തിരിക്കുന്നത്. ലോകം സുവിശേഷത്തെ ഭോഷത്വമായി കാണു

ന്നതുപോലെയല്ല, പൗലൊസിന്റെ സുവിശേഷം അവതരിപ്പിക്കുന്ന രീതി. മറിച്ച്, സുവിശേഷത്തിലുള്ള ശക്തിയെയാണ് പൗലൊസ് എടുത്തു കാണിച്ചിരിക്കുന്നത്. ലോകത്തുള്ള ആളുകളെ ദൈവത്തോട് നിരപ്പിക്കുവാനാണ്, ശിഷ്യന്മാരെ അയച്ചത്. സഭ തുടരുന്നതിനായി നൽകപ്പെട്ടതാണ് മഹത്തായ ആജ്ഞ (മത്താ. 28:19, 20).

ക്രൂശിനെ കുറിച്ചുള്ള പ്രസംഗം എപ്പോഴും ഒരു തീരുമാനത്തിനുള്ള ക്ഷണമാണ്. ലോകത്തുള്ള ബുദ്ധിമാന്മാരുടെ വിവേചനം തത്വജ്ഞാനപ്രകാരമായതിനാൽ ആത്മിയ മരണത്തിലാണ് കലാശിക്കുന്നത്. മനുഷ്യ വർഗത്തെ വീണ്ടെടുക്കുവാനാണ് ദൈവം യേശുവിനെ അയച്ചത്. കർത്താവ് ചെയ്തതെല്ലാം പിതാവിന്റെ ഇഷ്ടമായിരുന്നു. ദൈവം അവനെ തിരഞ്ഞെടുത്തതുപോലെ, യേശു വീണ്ടും വരും, അതിനിടയിൽ സുവിശേഷം രക്ഷിക്കപ്പെട്ടവരിൽ നൽകിയിരിക്കുന്നു. കർത്താവിങ്കലേക്കു തിരിയുവാനാണ് ക്രിസ്തുവിനെ പ്രസംഗിക്കുന്നത്, അത് സുവിശേഷം അനുസരിക്കുവാനും ദൈവഭക്തിയോടെ ജീവിക്കുവാനുമുള്ള ക്ഷണമാണ്. മാനസാന്തരത്തിൽനിന്നും അനുസരണത്തിൽനിന്നും കുറവായ ഏതു തീരുമാനവും അവനെ നിഷേധിക്കുന്നതാണ്.

**ബലഹീനവും ഭോഷത്വവും (1:25)**

ഗദ്ശമന തോട്ടത്തിൽ വെച്ച് യേശുവിന്റെ ശത്രുക്കൾക്ക് നേരെ പത്രൊസ് വാളോങ്ങിയപ്പോൾ, ദൈവരാജ്യത്തിന്റെ മുന്നേറ്റത്തിന് അക്രമം പാടില്ല എന്ന് കർത്താവ് വ്യക്തമാക്കി. അവൻ പറഞ്ഞു, "... എന്റെ പിതാവിനോട് പന്ത്രണ്ട് ലെഗ്യോനിലും അധികം ദൂതന്മാരെ എന്റെ അരികെ നിറുത്തേണ്ടതിന്ന് എനിക്ക് അപേക്ഷിച്ചുകൂടാ എന്നു തോന്നുന്നുവോ?" (മത്താ. 26:53; യോഹ. 18:10, 11 നോക്കുക). യേശു തന്റെ ശുശ്രൂഷയുടെ ആരംഭം മുതൽ യുദ്ധക്കളത്തിലല്ലാതെ, ദൈവരാജ്യത്തിൽ ജഡിക പോരാട്ടം നിഷിദ്ധമായി കർത്താവ് വ്യക്തമാക്കി.

സൈന്യത്തെയും ആയുധങ്ങളെയും എടുക്കുവാൻ സാത്താൻ അവനെ പ്രലോഭിപ്പിച്ചിരുന്നു. അവൻ യേശുവിനെ ഒരു മലമുകളിലേക്ക് കൂട്ടിക്കൊണ്ടു പോയി സകല രാജ്യങ്ങളെയും കാണിച്ചുകൊടുത്തു പറഞ്ഞു, "നിനക്ക് ഇതെല്ലാം തരുവാൻ എനിക്ക് കഴിയും. ക്രൂശിൽ നീ കഷ്ടം സഹിക്കേണ്ട ആവശ്യമില്ല" (മത്താ. 4:8, 9). മതഭ്രാന്തന്മാർ അവനെ രാജാവാക്കി കിരീടം ധരിപ്പിക്കുവാൻ വന്നപ്പോൾ അവൻ പെട്ടെന്ന് വാങ്ങി പോയി (യോഹ. 6:15). സൈന്യത്തെയോ സാമ്പത്തിക ശക്തിയെയോ രക്ഷകൻ ഉപയോഗിച്ചില്ല. ഭൗതികമായ വിജയം പ്രതീക്ഷിക്കുന്ന ആളുകളെയല്ല തന്നെ അനുഗമിപ്പിാൻ അവൻ ആഗ്രഹിച്ചത് (മത്താ. 8:20). അവന്റെ അഭാവം കൂടുതൽ കഠിനമായിരുന്നു (ലൂക്കൊ. 8:2, 3).

ലോകത്തുള്ള ആളുകൾ ശക്തിയെ അളന്ന രീതിയെ യേശു തള്ളിക്കളഞ്ഞുവെങ്കിലും, അവൻ ശക്തിയില്ലാത്തവനായിരുന്നില്ല. ആലങ്കാരികമായി അവൻ യുദ്ധക്കളത്തെ പാഠം പഠിപ്പിക്കുവാൻ ഉപയോഗിച്ചിരുന്നു (ലൂക്കൊ. 14:31, 32 നോക്കുക). അവൻ തന്റെ ശിഷ്യന്മാർക്ക് നൽകിയ ആയുധങ്ങൾ, സ്നേഹം, സത്യം, വിശ്വാസം, മനസലിവ്, പ്രോൽസാഹനം എന്നിവയായിരുന്നു. വലിയ സൈന്യാധിപന്മാർ, തങ്ങളുടെ സൈന്യത്തെ ശക്തിപ്പെടുത്തുന്നതുപോലെയല്ല, ക്രിസ്ത്യാനിയുടെ പോരിന്റെ ആയുധങ്ങൾ, പക്ഷെ അവ പ്രയാസമേറിയവയാണ് (എഫെ. 6:13–16; 1 തെസ്സ. 5:8). കർത്താവിന്റെ ആളുകൾ,

അവനെ അനുകരിക്കുന്നവരാണ്, ലോകം ഭോഷത്വമായി കാണുന്നതിനെ ജ്ഞാനമായി കാണുവാൻ കഴിയുന്നവരാണ്. ലോകം ബലഹീനമായി കാണുന്നതിനെ ബലമായി കാണുവാൻ കഴിയുന്നവരാണ് അവർ.

---

കുറിപ്പുകൾ

[1]പൗലൊസിന് കൊരിന്ത്യസഭയിൽനിന്നും നേരിട്ട ചില പ്രശ്നങ്ങളും അവർക്കിടയിൽ രൂപപ്പെട്ട വ്യത്യാസങ്ങളും പരിഹരിക്കുവാനായിരുന്നു അവൻ ലേഖനം എഴുതിയത് എന്ന് ഗോർഡൻ ഡി. ഫീ വിലയിരുത്തിയിരിക്കുന്നു. അതിനാലാണ്, അപ്പൊസ്തലൻ തന്റെ അപ്പൊസ്തല അധികാരത്തെ ഊന്നി പറയുന്നത്. (ഗോർഡൻ ഡി. ഫീ, *ദ ഫസ്റ്റ് എപ്പിസ്റ്റൽ ടു ദ കോരിന്ത്യൻസ്,* ദ ന്യൂ ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ് [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1987], 28–30). പൗലൊസിനും കൊരിന്ത്യ സഭയിലെ ചില അംഗങ്ങൾക്കും തമ്മിൽ സംഘർഷം നേരിട്ടുവെങ്കിലും അതിനെ അതിജീവിക്കുവാൻ കഴിഞ്ഞു. [2]LXX അല്ലെങ്കിൽ സെപ്തജിന്റ് പഴയ നിയമ തിരുവെഴുത്തുകളെ ഗ്രീക്കിലേക്ക് തർജിമ ചെയ്തതാണ്. [3]വിക്ടർ പോൾ ഫർണിഷ്, *തിയോളജി ആന്റ് എത്തിക്സ് ഇൻ പോൾ (*നാഷ്വിലേ:അബിങ്ടൺ പ്രസ്, 1968), 155. [4]ഗലാത്യ ലേഖനത്തിനും 1 കൊരിന്ത്യർക്കെഴുതിയ ലേഖനത്തിനും പുറത്ത് പത്രൊസിനെ "കേഫാവ്" എന്നു വിളിച്ചിരിക്കുന്നത് യോഹന്നാൻ 1:42-ൽ മാത്രമാണ്. അപ്പൊസ്തലന് പ്രിയ പേരായിരുന്നു "കേഫാവ്" എങ്കിലും "പത്രൊസ്" എന്നും അവനെ വിളിച്ചിരുന്നു. [5]ജെർഡ് തെയിസൻ, *ദ സോഷ്യൽ സെറ്റിങ് ഓഫ് പോളിൻ ക്രിസ്ത്യാനിറ്റി: എസ്സെയിസ് ഓൺ കൊരിന്ത്*, എഡി. ആന്റ് ട്രാൻസ്. ജോൺ എച്ച് സ്കോട്സ് (ഫിലദെൽഫിയ: ഫോർട്രസ് പ്രസ്, 1982), 55. [6]ഹോവാർഡ് മാർഷൽ, *ന്യൂടെസ്റ്റമെന്റ് തിയോളജി: മെനിവിറ്റനസസ്, ദലാ ഗോസ്പൽ* (ഡൗണേഴ്സ് ഗ്രോവ്, ഘഘഘ, ഇന്റർവാഴ്സിറ്റി പ്രസ്, 2004), 268. [7]അവസാന വാക്ക് ഒഴിച്ച്, LXX ൽ പൗലൊസ് ഉദ്ധരി.ച്ചത്, യെശയ്യാവ് 29:14 ആണ്. ദൈവം പറയുന്നു എന്നതിന് പകരം, "ബുദ്ധിമാന്മാരുടെ ബുദ്ധി (ἀθετήσω, *അതെറ്റസോ*) ഞാൻ [ഇല്ലാതാക്കും] അല്ലെങ്കിലും മാറ്റും" മറ്റൊരു വെർഷ നിൽ പരയുന്നത് "ഞാൻ മറെക്കും ..." (κρύψω, *ക്രുപ്സോ*). [8]ലിയോൺ മോറിസ്, *ദ ഫസ്റ്റ് എപ്പിസ്റ്റിൽ ഓഫ് പോൾ ടു ദ കൊരിന്ത്യൻസ്*, റോവ. എഡി., ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്: ഡതബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1985), 46. [9]ബ്രേവാർഡ്സ് ചിൽഡ്സ്, *ബിബിളിക്കൽ തിയോളജി ഓഫ് ദ ഓൾഡ് ആന്റ് ന്യൂടെസ്റ്റമെന്റ്സ്: തിയോളജിക്കൽ റിഫ്ളക്ഷൻ ഓൺ ദ ക്രിസ്ത്യൻ ബൈബിൾ* (മിന്നെപൊലിസ്: ഫോർട്രസ് പ്രസ്, 1992) 512. [10]ഒറിഗെൻ *എഗെൻസ്റ്റ് സെൽസ്* 3.55.

[11]ജോൺ ഗെഗർ, "ഷാൽ വി മാരി അവർ എനിമീസ്? സോഷ്യോളജി ആന്റ് ദ ന്യുടെസ്റ്റമെന്റ്" *ഇന്റർപ്രെട്ടേഷൻ* 36 (ജൂലയ് 1, 1982) 262. [12]ട്രോവെൽസ് എംബെർഗ് പെഡെർസൻ, "ദ ഗോസ്പൽ ഫോർ സോഷ്യൽ പ്രാക്ടീസ്എക്കോർഡിങ് ടു 1 കൊരിന്ത്യൻസ്," *ന്യുടെസ്റ്റമെന്റ് സ്റ്റഡീസ്* 33 (ഒക്ടോബർ 1987), 562. [13]അഗസ്റ്റിൻ *സിറ്റി ഓഫ് ഗോഡ്* 10.29.